# മഹാത്മാഗാന്ധി സർവ്വകലാശാല

## 2021 സെപ്റ്റംബർ 23-ാം തീയതി രാവിലെ 10.00 മണിക്ക് സർവ്വകലാശാല സെനറ്റ് ഹാളിൽ കൂടിയ സെനറ്റ് യോഗത്തിന്റെ നടപടിക്കുറിപ്പുകൾ

സ്ഥലം: സെനറ്റ് ഹാൾ, ഭരണവിഭാഗം ബ്ലോക്ക്, മഹാത്മാഗാന്ധി സർവ്വകലാശാല,
പ്രിയദർശിനി ഹിൽസ്, അതിരമ്പുഴ, കോട്ടയം–686 560.

**പങ്കെടുത്തവർ**

1. പ്രൊഫ. (ഡോ.) സി.റ്റി. അരവിന്ദകുമാർ, പ്രൊ -വൈസ് ചാൻസലർ (അദ്ധ്യക്ഷൻ)
2. ഡോ. പി.എസ്. സുകുമാരൻ, സിൻഡിക്കേറ്റ് അംഗം
3. പ്രൊഫ. ഹരികൃഷ്ണൻ പി., സിൻഡിക്കേറ്റ് അംഗം
4. ഡോ. സുധാകരൻ കെ.എം., സിൻഡിക്കേറ്റ് അംഗം
5. അഡ്വ. റെജി സക്കറിയ, സിൻഡിക്കേറ്റ് അംഗം
6. ഡോ. ബി. കേരളവർമ്മ, സിൻഡിക്കേറ്റ് അംഗം
7. ഡോ. എ. ജോസ്, സിൻഡിക്കേറ്റ് അംഗം
8. ഡോ. ഷജില ബീവി എസ്., സിൻഡിക്കേറ്റ് അംഗം
9. ഡോ. ആർ. അനിത, സിൻഡിക്കേറ്റ് അംഗം
10. പ്രൊഫ. ബാബു മൈക്കിൾ, സിൻഡിക്കേറ്റ് അംഗം
11. ഡോ. ബിജു തോമസ്, സിൻഡിക്കേറ്റ് അംഗം
12. ഡോ. റോബിനറ്റ് ജേക്കബ്, സിൻഡിക്കേറ്റ് അംഗം
13. പ്രൊഫ. (ഡോ.) സിബി സക്കറിയാസ്, അസോസിയേറ്റ് പ്രൊഫസർ, സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ് സ്റ്റഡീസ്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി
14. ശ്രീമതി. ലേഖ ജെ., അസിസ്റ്റന്റ് രജിസ്ട്രാർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി
15. ഡോ. എ.എസ്. സുമേഷ്, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഹിന്ദി, എംഇഎസ് കോളേജ്, നെടുംകണ്ടം
16. ശ്രീ. ജോജി അലക്സ്, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് കെമിസ്ട്രി, സെന്റ്. തോമസ് കോളേജ്, പാലാ
17. ഡോ. വിനു ടി.പി, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്സ്, എൻ.എസ്.എസ്. ഹിന്ദു കോളേജ്, ചങ്ങനാശ്ശേരി
18. ശ്രീ. ജോജി ജോൺ പണിക്കർ, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ്, സി.എം.എസ് കോളേജ്, കോട്ടയം
19. ശ്രീ. സജിത്ത് ബാബു എസ്., അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഫിസിക്സ്, കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട
20. ഡോ. ബിജു പി.ആർ., അസോസിയേറ്റ് പ്രൊഫസർ, സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സ്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി
21. ഡോ. സജു മാത്യു, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് മലയാളം, യൂണിയൻ ക്രിസ്ത്യൻ കോളേജ്, ആലുവ
22. ഡോ. സിറിയക് ജോസ്, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ആർക്കിയോളജി, സെന്റ്. തോമസ് കോളേജ്, പാലാ
23. ശ്രീ. ഫെബു ജോർജ്ജ് മത്തായി കറിച്ചിയത്ത്, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ്, സെന്റ്. തോമസ് കോളേജ്, കോഴഞ്ചേരി
24. ശ്രീ. ജേക്കബ് സി. നൈനാൻ, എൽ.ഡി. ക്ലർക്ക്, ബസേലിയസ് കോളേജ്, കോട്ടയം

25. ഡോ. അലക്സ് മാത്യു, അസിസ്റ്റന്റ് പ്രൊഫസർ, യു.സി. കോളേജ് ആലുവ
26. ശ്രീ. എബിൻ പി.ജെ., അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ബോട്ടണി, എസ്.എച്ച്. കോളേജ്, തേവര
27. ഡോ. അജിത് ജെയിംസ് ജോസ്, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് കെമിസ്ട്രി, എസ്.ബി. കോളേജ്, ചങ്ങനാശ്ശേരി,
28. ഡോ. അനസ് എസ്., അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി
29. Capt. ജോൺ എം. ജോർജ്, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ, സെന്റ്. തോമസ് കോളേജ്, റാന്നി
30. ഡോ. സുമി ജോയ് ഓലിയപ്പുറം, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് മലയാളം, മഹാരാജാസ് കോളേജ്, എറണാകുളം
31. ശ്രീ. കെ. എം. മൂസ, മാനേജർ, അൽ-അസർ കോളേജ്, തൊടുപുഴ
32. ഡോ. കെ.വി. തോമസ്, അസോസിയേറ്റ് പ്രൊഫസർ, ഭാരത് മാതാ കോളേജ്, തൃക്കാക്കര
33. ശ്രീമതി. ശോഭ കെ.ഡി., പ്രിൻസിപ്പൽ, ഗവ. സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ
34. ശ്രീ. സിനു പി. ലാസർ, സീനിയർ ക്ലർക്ക്, മഹാരാജാസ് കോളേജ്, എറണാകുളം
35. ഡോ. ആൾസൺ മാർട്ട്, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് കെമിസ്ട്രി, മഹാരാജാസ് കോളേജ്, എറണാകുളം
36. ശ്രീ. എ.ജെ. ഇമ്മാനുവൽ, അസോസിയേറ്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സ്, നിർമ്മല കോളേജ്, മൂവാറ്റുപുഴ
37. ശ്രീ. എ.എം. റഷീദ്, എംഇഎസ് കോളേജ്, നെടുംകണ്ടം
38. ശ്രീ. വിനീഷ് കെ.എ., അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സ്, ഗവ. കോളേജ്,മൂന്നാർ
39. ശ്രീ. വസന്ത് ശ്രീനിവാസൻ, യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി

കൂടാതെ, രജിസ്ട്രാറുടെ ചുമതല വഹിച്ച ജോയിൻറ് രജിസ്ട്രാർ (ഭരണവിഭാഗം 1) ശ്രീ. ബാബു രാജ് എ. വാര്യർ-ഉം ഹാജരായിരുന്നു.

രാവിലെ 10.00 മണിക്ക് പ്രൊ -വൈസ് ചാൻസലർ പ്രൊഫ. (ഡോ.) സി.റ്റി. അരവിന്ദകുമാർ-ന്റെ അദ്ധ്യക്ഷതയിൽ യോഗനടപടികൾ ആരംഭിച്ചു. സെനറ്റ് യോഗത്തിലേയ്ക്ക് അദ്ധ്യക്ഷൻ അംഗങ്ങളെ സ്വാഗതം ചെയ്തു.

തുടർന്ന്, കഴിഞ്ഞ സെനറ്റ് യോഗത്തിനു ശേഷം മരണപ്പെട്ടവർക്ക് അനുശോചനം രേഖപ്പെടുത്തുന്നതിനുള്ള പ്രമേയം അവതരിപ്പിക്കുന്നതിനായി അദ്ധ്യക്ഷൻ രജിസ്ട്രാറുടെ ചുമതല വഹിച്ച ജോയിൻറ് രജിസ്ട്രാറെ (ഭരണവിഭാഗം 1) ക്ഷണിച്ചു.

**<u>അനുശോചനപ്രമേയം</u>**

മുൻ കേരളാ ഗവർണ്ണർ ആർ എൽ ഭാട്ടിയ, ലോകപ്രശസ്ത ഭൗതിക ശാസ്ത്ര ഗവേഷകൻ പ്രഫ. താണു പത്മനാഭൻ, മുൻ ഹിമാചൽ പ്രദേശ് മുഖ്യമന്ത്രി ശ്രീ. വീരഭദ്രസിംഗ്, മുൻ കേന്ദ്രമന്ത്രിമാരായിരുന്ന സതീഷ് ശർമ്മ, അജിത് സിങ്, മുൻ മന്ത്രിമാരായിരുന്ന കെ.ആർ. ഗൗരിയമ്മ, ആർ. ബാലകൃഷ്ണ പിള്ള, കെ. ശങ്കര നാരായണപിള്ള, മുൻ ഡെപ്യൂട്ടി സ്പീക്കർ സി.എ. കുര്യൻ, ബ്രിട്ടനിലെ ഫിലിപ്പ് രാജകുമാരൻ, പ്രസിദ്ധ ചിത്രകാരൻ ലക്ഷ്മൺ പൈ, കഥകളി ആചാര്യൻ ചേമഞ്ചേരി കുഞ്ഞിരാമൻ നായർ, കവികളായ വിഷ്ണുനാരായണൻ നമ്പൂതിരി, നീലമ്പേരൂർ മധുസൂദനൻ നായർ, എഴുത്തുകാരായ മാടമ്പ് കുഞ്ഞുകുട്ടൻ, ഡെന്നിസ് ജോസഫ്, സ്കൂൾ ഓഫ് ലെറ്റേഴ്സ് മുൻ അദ്ധ്യാപകനും നടനും എഴുത്തുകാരനുമായിരുന്ന പി. ബാലചന്ദ്രൻ, പ്രസിദ്ധ നടൻ വിവേകാനന്ദൻ, പരിസ്ഥിതി പ്രവർത്തകനായിരുന്ന സുന്ദർലാൽ ബഹുഗുണ, ആയുർവേദ ആചാര്യൻ ഡോ. പി. കെ. വാര്യർ, ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രോപ്പോലീത്ത, ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ, അഫ്ഗാനിസ്ഥാനിൽ വധിക്കപ്പെട്ട ഫോട്ടോ ജേർണലിസ്റ്റ് ഡാനിഷ് സിദ്ദിഖി, അത്‌ലറ്റിക് കോച്ച് ഒ.എം. നമ്പ്യാർ, ഒളിമ്പിക്സ് ഫുട്ബോളിൽ ഇന്ത്യക്കായി കളിച്ച മലയാളി താരം ശ്രീ. ചന്ദ്രശേഖരൻ, സർവ്വകലാശാല ജീവനക്കാരനായ ഷിബു സി.ജെ, കൂടാതെ കോവിഡ് 19 മഹാമാരി, പ്രകൃതിക്ഷോഭം, യുദ്ധക്കെടുതികൾ എന്നിവ മൂലം ലോകത്താകമാനം ജീവൻ നഷ്ടപ്പെട്ടവർ എന്നിവരുടെ വിയോഗത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാലാ സെനറ്റ് യോഗം അനുശോചനം രേഖപ്പെടുത്തി തുടർന്ന് ആദരസൂചകമായി സഭ ഒരു മിനിറ്റ് മൗനമാചരിച്ചു.

തുടർന്ന് അദ്ധ്യക്ഷൻ അനുമോദനപ്രമേയം അവതരിപ്പിച്ചു.

**<u>അനുമോദന പ്രമേയം</u>**

ടൈം ഹയർ എഡ്യൂക്കേഷൻ ഏഷ്യയിലെ സർവകലാശാലകൾക്കായി നടത്തിയ റാങ്കിംഗിൽ 154-ാം സ്ഥാനം നേടി മഹാത്മാഗാന്ധി സർവകലാശാല മികവ് പുലർത്തുകയുണ്ടായി.

ടൈംസ് ഹയർ എജ്യൂക്കേഷന്റെതന്നെ 50 വർഷങ്ങൾക്കിടയിൽ രൂപംകൊണ്ട യുവ സർവകലാശാലകൾക്കുവേണ്ടിയുള്ള റാങ്കിംഗിലും മഹാത്മാഗാന്ധി സർവകലാശാലക്ക് അഭിമാനകരമായ നേട്ടം. ആഗോളാടിസ്ഥാനത്തിൽ 475 സർവകലാശാലകൾ ഉൾപ്പെട്ട റാങ്ക് പട്ടികയിൽ 142-ാമത് സ്ഥാനമാണ് സർവകലാശാലയ്ക്കുള്ളത്. പട്ടികയിൽ ഇടം പിടിച്ച ഇന്ത്യൻ സർവകലാശാലകളിൽ മൂന്നാം സ്ഥാനവും മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് നേടാനായി. ടൈം ഹയർ എജ്യൂക്കേഷൻ നടത്തിയ ലോക സർവകലാശാലയുടെ റാങ്കിംഗിൽ 702-ാം സ്ഥാനം നേടാനും മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞവർഷത്തെ 711-ാം സ്ഥാനത്തുനിന്നാണ് നിലമെച്ചപ്പെടുത്തി സർവകലാശാല 702-ാം സ്ഥാനം കരസ്ഥമാക്കിയത്.

ഉയർന്ന ലക്ഷ്യബോധത്തോടെ അശ്രാന്ത പരിശ്രമം നടത്തിയതുകൊണ്ടുമാത്രമാണ് സർവകലാശാലക്ക് ഇത്തരത്തിലുള്ള അഭിമാനകരങ്ങളായ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിനും മികച്ച നേട്ടങ്ങൾ ഉണ്ടാക്കുന്നതിനും സാധിച്ചത്. ഇതിനുപിന്നിൽ പ്രവർത്തിച്ച സർവകലാശാലയിലെ അക്കാദമിക സമൂഹത്തേയും വിദ്യാർഥികളേയും അധ്യാപക-അനധ്യാപക മേഖലകളിലെ മുഴുവൻ

ആളുകളേയും, സർവകലാശാലയുടെ അക്കാദമിക-ഭരണ നേതൃത്വത്തെയും ഈ യോഗം അനുമോദിക്കുന്നു.

ഇത്തരത്തിൽ മികവ് പുലർത്തുന്നവിധത്തിൽ പ്രവർത്തിക്കുന്നതിനുള്ള സാഹചര്യമൊരുക്കിത്തന്ന ആദരണീയനായ ചാൻസലർ കൂടിയായ ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാനും സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ സാമ്പത്തികവും അക്കാദമികവുമായ പിന്തുണ നൽകിപോരുന്ന ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാരിനുമുള്ള നന്ദിയും ഈ യോഗം പ്രത്യേകം രേഖപ്പെടുത്തുന്നു.

മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലറും പോളിമർ-നാനോ ശാസ്ത്രസാങ്കേതിക മേഖലകളിലെ അറിയപ്പെടുന്ന ശാസ്ത്രജ്ഞനും ഗവേഷകനും അധ്യാപകനുമായ പ്രൊഫ. സാബു തോമസിനെ ലണ്ടൻ ആസ്ഥാനമായ റോയൽ സൊസൈറ്റി ഓഫ് ലണ്ടൻ അവരുടെ പ്രൊഫഷണൽ റിസർച്ചർ പദവി നൽകി ആദരിക്കുകയുണ്ടായി. ശാസ്ത്രജ്ഞർക്ക് അപൂർവമായി നൽകിവരുന്ന സൊസൈറ്റിയിലെ വിശിഷ്ടാംഗത്വത്തിനും അദ്ദേഹം അർഹനായിട്ടുണ്ട്.

അന്തർദ്ദേശീയതലത്തിൽ ഏറെ വിലമതിക്കപ്പെടുന്ന ജർമ്മനി ആസ്ഥാനമായ യൂറോപ്യൻ സയൻസ് ഇവാല്യുവേഷൻ സെന്റർ തയാറാക്കിയ ആഗോള ശാസ്ത്രപ്രതിഭകളുടെ പട്ടികയിൽ കേരളത്തിലെ ഏറ്റവും മികച്ച ശാസ്ത്ര ഗവേഷകനെന്ന ബഹുമതിക്കും പ്രൊഫ. സാബു തോമസ് അർഹനായിട്ടുണ്ട്.

ഇന്ത്യയിൽ നിന്നുള്ള ശാസ്ത്രജ്ഞരിൽ 19-ാം സ്ഥാനവും ഏഷ്യൻ റാങ്കിംഗിൽ 35-ാം സ്ഥാനവും അദ്ദേഹം നേടിയിട്ടുണ്ട്. ആഗോളാടിസ്ഥാനത്തിൽ 2611-ാം സ്ഥാനമാണ് അദ്ദേഹം നേടിയിട്ടുള്ളത്.

പ്രൊഫ. സാബു തോമസിനെ തേടി എത്തിയിട്ടുള്ള ഈ അപൂർവ്വ ബഹുമതികളിൽ ഈ യോഗം അദ്ദേഹത്തെ അനുമോദിക്കുന്നു.

യൂറോപ്യൻ സയൻസ് ഇവാല്യുവേഷൻ സെന്ററിന്റെ റാങ്കിംഗ് പട്ടികയിൽ മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്നുള്ള മറ്റ് ഗവേഷകരും ഉൾപ്പെട്ടിട്ടുണ്ട് എന്നത് ഏറെ സന്തോഷകരമായ കാര്യമാണ്. നേട്ടങ്ങൾക്കുടമകളായ എല്ലാവരേയും ഈ യോഗം അനുമോദിക്കുന്നു.

## I തെരഞ്ഞെടുപ്പ്

സർവ്വകലാശാല ഫിനാൻസ് കമ്മിറ്റിയിലേയ്ക്ക് സെനറ്റിൽ നിന്നുള്ള പ്രതിനിധിയായി ഒരു അംഗത്തെ തെരഞ്ഞെടുക്കേണ്ടതുണ്ടെന്നും [1985 ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് അധ്യായം IV സെക്ഷൻ 31(2)(c)] ആയത് സിമ്പിൾ മെജോറിറ്റി മുഖേന നടത്താമെന്നുള്ള അദ്ധ്യക്ഷന്റെ തീരുമാനത്തെ അംഗങ്ങൾ അനുകൂലിക്കുകയും. തുടർന്ന് രജിസ്ട്രാറുടെ ചുമതല വഹിച്ച ജോയിൻറ് രജിസ്ട്രാറെ തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്നതിന് വരണാധികാരിയായി നിശ്ചയിക്കുന്നതായും അദ്ധ്യക്ഷൻ അറിയിച്ചു. വരണാധികാരി തിരഞ്ഞെടുപ്പ് നടപടികൾ വായിക്കുകയും നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കുവാൻ പത്രികകൾ വിതരണം ചെയ്യുകയും ചെയ്തു. നിശ്ചിത സമയത്തിനകം ശ്രീമതി. ലേഖ ജെ, ഡോ.

സജ്ജു മാത്യു എന്നിവരുടെ നാമ നിർദ്ദേശ പത്രികകൾ ലഭിക്കുകയും സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം പ്രസ്തുത പത്രികകൾ സ്വീകരിച്ചതായി വരണാധികാരി അറിയിച്ചു.

തെരഞ്ഞെടുപ്പ് സമയത്ത് ഹാജരായിരുന്നവരിൽ 25 അംഗങ്ങൾ ശ്രീമതി. ലേഖ ജെ- ക്ക് അനുകൂലമായും 7 അംഗങ്ങൾ ഡോ. സജ്ജു മാത്യു- ന് അനുകൂലമായും വോട്ടുചെയ്തു. തുടർന്ന് ശ്രീമതി. ലേഖ ജെ-യെ സർവ്വകലാശാല ഫിനാൻസ് കമ്മിറ്റിയിലേക്ക് സെനറ്റിൽ നിന്നുള്ള പ്രതിനിധിയായി തെരഞ്ഞെടുത്തതായി വരണാധികാരി അദ്ധ്യക്ഷനെ അറിയിക്കുകയും അദ്ധ്യക്ഷൻ ആയത് ഔദ്യോഗികമായി പ്രഖ്യാപിക്കുകയും ചെയ്തു.

തുടർന്ന്, അദ്ധ്യക്ഷൻ മൂന്ന് സെനറ്റ് യോഗങ്ങളിൽ തുടർച്ചയായി പങ്കെടുക്കാതിരുന്നവരുടെ അംഗത്വ പുനഃസ്ഥാപനത്തിലേയ്ക്ക് സഭയുടെ ശ്രദ്ധ ക്ഷണിച്ചു.

## II <u>അംഗത്വപുനഃസ്ഥാപനം</u>

മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 ചാപ്റ്റർ 6, സെക്ഷൻ 45(4) അനുസരിച്ച് തുടർച്ചയായ മൂന്ന് സെനറ്റ് യോഗങ്ങളിൽ (23/11/2019, 09/06/2020, 27/03/2021) പങ്കെടുക്കാതിരുന്നതിനാൽ താഴെ പരാമർശിച്ചിരിക്കുന്ന 2 അംഗങ്ങൾക്ക് അംഗത്വം നഷ്ടപ്പെട്ടിരിക്കുന്നതായി അദ്ധക്ഷൻ അറിയിച്ചു.

1. ഫാ. ഫെലിക്സ് ചക്കാലക്കൽ, മാനേജർ, സെൻറ്. പോൾസ് കോളേജ്, കളമശ്ശേരി
2. ശ്രീ. എം.എം. അബൂബക്കർ, മാനേജർ, കെ.എം.എം. കോളേജ് ഓഫ് ആർട്ട്സ് & സയൻസ്, തൃക്കാക്കര

ശ്രീ. എം.എം. അബൂബക്കർ, യോഗത്തിൽ പങ്കെടുക്കാതിരുന്നതിനു വിശദീകരണം നൽകിയിട്ടുള്ളതിനാൽ അദ്ദേഹത്തിൻെറ അംഗത്വം പുനഃസ്ഥാപിക്കുന്നതായും ഫാ. ഫെലിക്സ് ചക്കാലക്കൽ, ഇതുവരെ കാരണങ്ങളൊന്നും ബോധിപ്പിച്ചിട്ടില്ലാത്തതിനാൽ ടി അംത്തിൻെറ അംഗത്വം പുനഃസ്ഥാപിക്കേണ്ടതില്ലെന്നും അദ്ധ്യക്ഷൻ അറിയിച്ചു. ഇത് സഭ അംഗീകരിക്കുകയും ചെയ്തു.

## III. <u>ചോദ്യവും ഉത്തരവും:</u>

**<u>ശ്രീ. സജിത്ത് ബാബു എസ്.</u>**

**1.** ബിരുദ ബിരുദാനന്തര തലങ്ങളിൽ പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിക്കുമ്പോൾ വിദ്യാർത്ഥികൾക്ക് ഫൈൻ ഇല്ലാതെ അപേക്ഷിക്കുവാൻ എത്ര ദിവസമാണ് നൽകുന്നത്? ഫൈൻ കണക്കാക്കുന്നത് എങ്ങിനെയെന്ന് വിശദീകരിക്കുക?

**ഉത്തരം: ഡോ. ബി. കേരളവർമ്മ, സിൻഡിക്കേറ്റ് അംഗം**

ഫൈൻ ഇല്ലാതെ അപേക്ഷിക്കുവാനുള്ള തീയതികൾ സംബന്ധിച്ച് നിശ്ചിത നിയമം ഇല്ല. ഫൈൻ കണക്കാക്കുന്നത് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർവ്വകലാശാല ഉത്തരവ് പ്രകാരമാണ്.

**ഉപചോദ്യം: ശ്രീ. സജിത്ത് ബാബു എസ്.**

4th സെമസ്റ്റർ പി.ജി.-യുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷൻ ഡേറ്റ് 07.07.2021-ഉം ഫൈൻ ഇല്ലാതെയുള്ള അവസാന തീയതി 08.07.2021-ഉം ആണ്, ഒരു മാനദണ്ഡവുമില്ലാതെ എങ്ങനെയാണ് ഇത്തരം ഡേറ്റുകൾ തീരുമാനിക്കുന്നത്?

**ഉത്തരം: ഡോ. ബി. കേരളവർമ്മ, സിൻഡിക്കേറ്റ് അംഗം**

കോവിഡ് 19-മായി ബന്ധപ്പെട്ട് നിരവധി പരീക്ഷകൾ ഒരുമിച്ച് നടത്തേണ്ട ഒരു സാഹചര്യത്തിലാണ് ഇത്തരത്തിൽ ഉത്തരവുകൾ ഇറക്കുവാൻ സർവ്വകലാശാല നിർബന്ധിതമാകുന്നത്.

**ഡോ. കെ.വി. തോമസ്**

2. അക്കാദമിക് കലണ്ടർ തയ്യാറാക്കുന്ന വേളയിൽ യൂണിവേഴ്സിറ്റി പരീക്ഷാദിനങ്ങളും മൂല്യനിർണയദിനങ്ങളും ഒഴിവാക്കി അദ്ധ്യയനദിനങ്ങൾ കണക്കാക്കുന്ന രീതി അവലംബിക്കുന്നതിൽ തടസ്സമുണ്ടോ?

**ഉത്തരം: ഡോ. സുധാകരൻ കെ.എം., സിൻഡിക്കേറ്റ് അംഗം**

അക്കാദമിക് കലണ്ടർ തയ്യാറാക്കുന്ന വേളയിൽ പരീക്ഷാദിനങ്ങളും മൂല്യനിർണയദിനങ്ങളും ഒഴിവാക്കി അദ്ധ്യയന ദിനങ്ങൾ കണക്കാക്കുന്ന രീതി അവലംബിക്കുന്നതിൽ തടസ്സമുണ്ട്, കാരണം

1. ഒരു സെമസ്റ്ററിൽ കുറഞ്ഞത് 90 പ്രവൃത്തിദിനങ്ങൾ എങ്കിലും ആവശ്യമാണ്. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ " Regulations for Under Graduate Programmes under Choice Based Credit System 2017/PGCSS 2019 Regulation-ൽ Semester എന്നതിന്റെ നിർവചനം നൽകിയിരിക്കുന്നത് ചുവടെ പറയും പ്രകാരമാണ്.

" Semester means a term consisting of a minimum 90 working days, inclusive of tutorials, examination days and other academic activities within a period of six months"

അതിനാൽ പരീക്ഷാദിനങ്ങളും മൂല്യനിർണയദിനങ്ങളും അദ്ധ്യയനദിനങ്ങളായി വരുന്നു. ഇവ ഒഴിവാക്കി ഒരു സെമസ്റ്ററിൽ 90 പ്രവൃത്തിദിനങ്ങൾ കണ്ടെത്തുക അപ്രായോഗികമാണ്. കൂടാതെ പ്രകൃതിദുരന്തങ്ങളും പകർച്ചവ്യാധികളും മൂലം അപ്രതീക്ഷിത അവധികൾ കടന്നുവരുന്നതിനാൽ

നിയമപ്രകാരമുള്ള പ്രവൃത്തിദിനങ്ങൾ തികയാതെ വരുന്ന സാഹചര്യം നിലവിലുണ്ട്. സ്പെഷ്യൽ ക്ലാസ്സുകൾ നടത്തി ആയതു പരിഹരിക്കുകയാണ് ചെയ്യുന്നത്.

**ഉപചോദ്യം: ഡോ. കെ.വി. തോമസ്**

പലപ്പോഴും അധ്യാപകർക്ക് 90 പ്രവർത്തിദിനങ്ങൾ കണ്ടെത്തുക പ്രയാസകരമാണ്. ആയതിനാൽ അടുത്ത അക്കാദമിക് കലണ്ടർ തയ്യാറാക്കുന്ന വേളയിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്.

ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകൾ കോവിഡ് പശ്ചാത്തലത്തിന്റെ സാഹചര്യത്തിൽ ഉണ്ടായവയാണ് അത് പരിഹരിക്കുന്നതിനുള്ള ശ്രമം സർവകലാശാലയുടെ ഭാഗത്തുനിന്നു ഉണ്ടാകുമെന്ന് **അധ്യക്ഷൻ** അറിയിച്ചു.

**ഡോ. ബിജു പി.ആർ.**

3. അധ്യാപകരുടെ ക്വാർട്ടേഴ്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് മുൻ സെനറ്റ് യോഗങ്ങളിൽ ചോദ്യമായും പ്രമേയത്തിലൂടെയും ഉന്നയിക്കപ്പെട്ട വിഷയങ്ങളിൽ എന്ത് നടപടികളാണ് ഇതുവരെ സ്വീകരിച്ചത്?

**ഉത്തരം: ഡോ. എ. ജോസ്, സിൻഡിക്കേറ്റ് അംഗം**

പ്രൊഫസേർസ് ക്വാർട്ടേഴ്സ് നിർമ്മാണ പ്രവൃത്തിയിൽ നിന്നും നിർവ്വഹണ ഏജൻസിയായ BSNL പിന്മാറിയ സാഹചര്യത്തിൽ തുടർനടപടികൾ സംബന്ധിച്ച് സർവകലാശാല നിയമോപദേശം തേടുകയും ടി പ്രവൃത്തി സംബന്ധിച്ച് സർവകലാശാലയ്ക്ക് സംഭവിച്ച നഷ്ടം കണക്കാക്കുന്നതിനായി ഒരു സെർട്ടിഫൈഡ് വാല്യൂവരെ ചുമതലപ്പെടുത്തി നഷ്ടം കണക്കാക്കി ടി നഷ്ടം BSNL-നിന്നും ഈടാക്കുന്നതിനുള്ള നിയമനടപടികൾ സ്വീകരിക്കാവുന്നതാണ് എന്ന് ലീഗൽ അഡ്വൈസർ നിയമോപദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വാല്യൂവരെ ചുമതലപ്പെടുത്തുകയും ഇനി പൂർത്തിയാക്കുവാനുള്ള 7 ക്വാർട്ടേഴ്സുകളുടെ നിർമ്മാണം പൂർത്തിയാക്കുവാൻ ആവശ്യമായി വരുന്ന തുക കണക്കാക്കി വാല്യൂവർ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. വാല്യൂവരുടെ റിപ്പോർട്ട് സർവകലാശാല എഞ്ചിനീയറുടെ പരിശോധനയ്ക്കായി നൽകുകയും ടി റിപ്പോർട്ട് പരിശോധിച്ച് സർവകലാശാല എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. വാല്യൂവരുടെയും സർവകലാശാല എഞ്ചിനീയരുടെയും റിപ്പോർട്ടുകൾ ഫിനാൻസ് വിഭാഗത്തിന്റെ പരിശോധനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. ഫിനാൻസ് വിഭാഗത്തിന്റെ റിമാർക്സ് ലഭിച്ചതിനു ശേഷം ടി വിഷയത്തിൽ വീണ്ടും നിയമോപദേശം തേടി BSNL-ൽ നിന്നും നഷ്ടം ഈടാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകുകയും മുടങ്ങിക്കിടക്കുന്ന ക്വാർട്ടേഴ്സുകളുടെ നിർമ്മാണം വാല്യൂവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതുമാണ്.

**<u>ഉപചോദ്യം: ഡോ. ബിജു പി.ആർ.</u>**

പ്രൊഫസർ കോർട്ടേഴ്സ് നിർമ്മാണത്തിന് പ്രവർത്തനങ്ങൾ കൂടുതൽ സങ്കീർണതകളിലേക്ക് പോകാതെ ഉടനടി പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

പ്രൊഫസർ കോർട്ടേഴ്സ് നിർമ്മാണം ഉടൻ പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് **അദ്ധ്യക്ഷൻ** അറിയിച്ചു.

**<u>ശ്രീ. ജേക്കബ് സി. നൈനാൻ</u>**

4. പരീക്ഷയുടെ ഇപ്പോഴുള്ള സമയക്രമത്തിൽ മാറ്റം വരുത്താൻ യൂണിവേഴ്സിറ്റി ഉദ്ദേശിക്കുന്നുണ്ടോ?

**<u>ഉത്തരം: ഡോ. ബി. കേരളവർമ്മ, സിൻഡിക്കേറ്റ് അംഗം</u>**

നിലവിലെ സാഹചര്യത്തിൽ പരീക്ഷയുടെ സമയമാറ്റം നടപ്പിലാക്കുന്നത് ബുദ്ധിമുട്ടാണ്.

**<u>ഉപചോദ്യം: ശ്രീ. ജേക്കബ് സി. നൈനാൻ</u>**

ഏത് സാഹചര്യത്തിലാണ് നിലവിലെ പരീക്ഷയുടെ സമയമാറ്റം നടപ്പിലാക്കുവാൻ സാധിക്കാത്തത്?

**<u>ഉത്തരം: ഡോ. ബി. കേരളവർമ്മ, സിൻഡിക്കേറ്റ് അംഗം</u>**

നിലവിലെ പരീക്ഷാസംവിധാനത്തിൽ ഇത്തരം വിഷയങ്ങളുമായി ബന്ധപ്പെട്ട ചർച്ചകൾ നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട സെനറ്റ് അംഗത്തിന്റെ ചോദ്യം പരിഗണനയിൽ ഉള്ളതും അത് പരിഹരിക്കാവുന്നതാണ്.

**<u>ഉപചോദ്യം: ശ്രീ. ജേക്കബ് സി. നൈനാൻ</u>**

ടി വിഷയവുമായി ബന്ധപ്പെട്ട് അംഗീകൃത സംഘടനകളുമായി ചർച്ച നടത്തി തീരുമാനമുണ്ടാകുമെന്ന് സിൻഡിക്കേറ്റ് അംഗങ്ങൾ കഴിഞ്ഞ സെനറ്റ് മീറ്റിംഗിൽ അഭിപ്രായപ്പെട്ടിരുന്നു നാളിതുവരെ യാതൊരു വിധത്തിലുള്ള ചർച്ചകളും ഉണ്ടായിട്ടില്ല.

ഇപ്പോഴുള്ള പ്രത്യേക സാഹചര്യത്തിൽ പരീക്ഷയുടെ സമയമാറ്റം നടപ്പിലാക്കുന്നത് ബുദ്ധിമുട്ടുള്ള കാര്യമാണെന്നും ടി വിഷയത്തിൽ ഒരു ചർച്ച നടത്തുന്ന കാര്യം പരിഗണിക്കാമെന്നും **അദ്ധ്യക്ഷൻ** അറിയിച്ചു.

**ശ്രീ. എ.എം. റഷീദ്**

5. ഗവേഷണത്തിന് യൂണിവേഴ്സിറ്റി നൽകുന്ന ഫെലോഷിപ്പ് സർവകലാശാല വിഭാഗത്തിൽ എത്രയെണ്ണം നൽകുന്നുണ്ട്? കോളേജുകളിലെ ഗവേഷണകേന്ദ്രത്തിൽ ഉള്ള ഗവേഷണ വിദ്യാർത്ഥികൾക്ക് എത്ര എണ്ണം നൽകുന്നുണ്ട്?

**ഉത്തരം: ഡോ. ഷജില ബീവി എസ്., സിൻഡിക്കേറ്റ് അംഗം**

ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി നൽകിവരുന്ന യൂണിവേഴ്സിറ്റി ജൂനിയർ റിസർച്ച് ഫെലോഷിപ്പ്, സർവ്വകാലാശാലയുടെ പഠന വിഭാഗങ്ങളിലും അഫിലിയേറ്റഡ് കോളേജുകളിലും ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്ക് നിശ്ചിത എണ്ണമായി ക്ലിപ്തപ്പെടുത്തിയിട്ടില്ല.2018-2019,2019-2020 വർഷങ്ങളിൽ യൂ.ജെ.ആർ.എഫ്. അനുവദിച്ചിട്ടുള്ള 100 ഗവേഷകരിൽ പഠന വിഭാഗങ്ങളിലെയും കോളേജുകളിലെയും ഗവേഷകരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | പഠന വകുപ്പ് | കോളേജ് |
|---|---|---|
| 2018-2019 | 38 | 62 |
| 2019-2020 | 24 | 76 |

**ഡോ. ജീ ജീ.**

6. മഹാത്മാഗാന്ധി സർവകലാശാലയിൽ 2020 അഡ്മിഷൻ ബിരുദ കോഴ്സുകളുടെ ഭാഗമായി ഓർഗാനിക് ഫാമിംഗ് എന്ന ഓൺലൈൻ (MOOC) കോഴ്സ് നടത്തിപ്പിൻെറ ഭാഗമായി വിദ്യാർത്ഥികൾക്ക് എന്തെല്ലാം കോഴ്സ് മെറ്റീരിയൽസ് ഇതുവരെ നൽകിയിട്ടുണ്ട്?

അംഗം സഭയിൽ ഹാജരാകാത്തതിനാൽ ചോദ്യം ഉന്നയിക്കപ്പെട്ടില്ല.

**ശ്രീ. ജേക്കബ് സി. നൈനാൻ**

7. വിദ്യാർത്ഥികൾക്ക് നൽകേണ്ട പരീക്ഷ ഹാൾടിക്കറ്റുകൾ പരീക്ഷാ തീയതിക്ക് എത്ര ദിവസം മുമ്പാണ് കോളേജുകളിൽ എത്തിക്കുന്നത്?

**ഉത്തരം: ഡോ. ബി. കേരളവർമ്മ, സിൻഡിക്കേറ്റ് അംഗം**

ഹാൾ ടിക്കറ്റ്, നോമിനൽ റോൾ എന്നിവ പരീക്ഷ തുടങ്ങുന്നതിന് ഒരാഴ്ച മുൻപെങ്കിലും പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിക്കാൻ ശ്രമിക്കാറുണ്ട്.

**<u>ഉപചോദ്യം: ശ്രീ. ജേക്കബ് സി. നൈനാൻ സിൻഡിക്കേറ്റ് അംഗം</u>**

കഴിഞ്ഞ മൂന്ന വർഷക്കാലയളവിനുള്ളിൽ യാതൊരു പരീക്ഷയുടെയും ഹാൾ ടിക്കറ്റുകൾ പരീക്ഷയ്ക്ക് ഒരു ദിവസം മുൻപ് പോലും കോളേജുകളിൽ എത്തിയിട്ടില്ല. ഇതൊരു ഗുരുതരമായ വീഴ്ചയാണ്. ടി വിഷയം സർവകലാശാലയുടെ എല്ലാ അധികാരികളുടെ മുൻപിലും അവതരിപ്പിച്ചതും ആണ്. ഇത്തരം വിഷയങ്ങളിൽ ശാശ്വതമായ പരിഹാരം സർവകലാശാല കണ്ടെത്തണം.

**<u>ഉത്തരം: ഡോ. ബി. കേരളവർമ്മ, സിൻഡിക്കേറ്റ് അംഗം</u>**

സർവകലാശാലയുടെ ഭാഗത്തു നിന്നുള്ള ഇത്തരം സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

**<u>ഡോ. ജീ ജീ.</u>**

**8.** എയ്ഡഡ് കോളേജുകളിൽ സ്വാശ്രയ കോഴ്സുകൾ അനുവദനീയമല്ല എന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ വെളിച്ചത്തിൽ പ്രസ്തുത കോളേജുകളിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സ്വാശ്രയ കോഴ്സുകളുടെ കാര്യത്തിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ? വിശദമാക്കുക.

അംഗം സഭയിൽ ഹാജരാകാത്തതിനാൽ ചോദ്യം ഉന്നയിക്കപ്പെട്ടില്ല.

**<u>ഡോ. അലക്സ് മാത്യു</u>**

**9.** അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിൽ ഗവേഷണം ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സർവ്വകലാശാലയുടെ Instrumental Facilities പ്രയോജനപ്പെടുത്തുമ്പോൾ ഫീസിനത്തിൽ എന്തെങ്കിലും ഇളവ് നൽകുമോ?

**<u>ഉത്തരം: ഡോ. ഷജില ബീവി എസ്., സിൻഡിക്കേറ്റ് അംഗം</u>**

നിലവിൽ സർവ്വകലാശാല ഫീസ് ഇളവുകൾ അനുവദിക്കുന്നില്ല. ഇളവുകൾ അനുവദിക്കുന്നകാര്യത്തിൽ വിശദമായി പഠനം നടത്തി നയപരമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**<u>ഡോ. കെ.വി. തോമസ്</u>**

**10.** 1,3,5, സെമസ്റ്റർ പരീക്ഷകൾ കോളേജ് തലത്തിലും 2,4,6 സെമസ്റ്റർ പരീക്ഷകൾ സർവകലാശാലാ തലത്തിലും നടത്തുന്ന കാര്യം പരിഗണനയിൽ ഉണ്ടോ?

**ഉത്തരം: ഡോ. ബി. കേരളവർമ്മ, സിൻഡിക്കേറ്റ് അംഗം**

നിലവിൽ പരിഗണനയിൽ ഇല്ല.

**ശ്രീ. ജോജി അലക്സ്**

11. സർവ്വകലാശാലയിലെ വിവിധ സ്റ്റാറ്റ്യൂട്ടറി പഠന വകുപ്പുകളിൽ എത്ര അധ്യാപക തസ്തികയ്ക്ക് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്? ഇപ്പോൾ എത്ര അധ്യാപകർ (ഡപ്യൂട്ടേഷൻ ഉൾപ്പെടെ) ജോലി ചെയ്യുന്നുണ്ട്?

**ഉത്തരം: അഡ്വ. റെജി സക്കറിയ, സിൻഡിക്കേറ്റ് അംഗം**

| പഠനവകുപ്പ് | തസ്തിക | അനുവദിച്ചിരിക്കുന്നത് | നിലവിൽ ജോലി ചെയ്യുന്നത് |
|---|---|---|---|
| സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് | അസിസ്റ്റന്റ് പ്രൊഫസർ | 7 | 6 |
| | അസോസിയേറ്റ് പ്രൊഫസർ | 1 | 1 |
| | പ്രൊഫസർ | 1 | 0 |
| സ്കൂൾ ഓഫ് ബയോസയൻസസ് | അസിസ്റ്റന്റ് പ്രൊഫസർ | 9 | 8 |
| | അസോസിയേറ്റ് പ്രൊഫസർ | 3 | 3 |
| | പ്രൊഫസർ | 1 | 1 |
| സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് | അസിസ്റ്റന്റ് പ്രൊഫസർ | 9 | 7 |
| | അസോസിയേറ്റ് പ്രൊഫസർ | 4 | 2 |
| | പ്രൊഫസർ | 1 | 0 |
| സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് | അസിസ്റ്റന്റ് പ്രൊഫസർ | 6 | 4 |
| | അസോസിയേറ്റ് പ്രൊഫസർ | 0 | 0 |
| | പ്രൊഫസർ | 1 | 0 |
| സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യുക്കേഷൻ | അസിസ്റ്റന്റ് പ്രൊഫസർ | 0 | 0 |
| | അസോസിയേറ്റ് പ്രൊഫസർ | 1 | 0 |
| | പ്രൊഫസർ | 1 | 0 |
| സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ് | അസിസ്റ്റന്റ് പ്രൊഫസർ | 2 | 2 |
| | അസോസിയേറ്റ് പ്രൊഫസർ | 2 | 2 |
| | പ്രൊഫസർ | 1 | 1 |
| സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് | അസിസ്റ്റന്റ് പ്രൊഫസർ | 6 | 5 |
| | അസോസിയേറ്റ് പ്രൊഫസർ | 2 | 2 |
| | പ്രൊഫസർ | 1 | 1 |
| സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് | അസിസ്റ്റന്റ് പ്രൊഫസർ | 8 | 6 |
| | അസോസിയേറ്റ് പ്രൊഫസർ | 0 | 0 |
| | പ്രൊഫസർ | 1 | 1 |
| സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് & പൊളിറ്റിക്സ് | അസിസ്റ്റന്റ് പ്രൊഫസർ | 7 | 4 |
| | അസോസിയേറ്റ് പ്രൊഫസർ | 0 | 0 |
| | പ്രൊഫസർ | 1 | 0 |
| സ്കൂൾ ഓഫ് ലെറ്റേഴ്സ് | അസിസ്റ്റന്റ് പ്രൊഫസർ | 7 | 6 |
| | അസോസിയേറ്റ് പ്രൊഫസർ | 2 | 1 |
| | പ്രൊഫസർ | 1 | 0 |
| സ്കൂൾ ഓഫ് മാനേജ്മെന്റ് & ബിസിനസ് സ്റ്റഡീസ് | അസിസ്റ്റന്റ് പ്രൊഫസർ | 6 | 5 |
| | അസോസിയേറ്റ് പ്രൊഫസർ | 2 | 2 |

| | | | |
|---|---|---|---|
| | പ്രൊഫസർ | 1 | 1 |
| സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് | അസിസ്റ്റന്റ് പ്രൊഫസർ | 6 | 5 |
| | അസോസിയേറ്റ് പ്രൊഫസർ | 2 | 2 |
| | പ്രൊഫസർ | 1 | 1 |
| സ്കൂൾ ഓഫ് പ്യുവർ & അപ്ലൈഡ് ഫിസിക്സ് | അസിസ്റ്റന്റ് പ്രൊഫസർ | 8 | 7 |
| | അസോസിയേറ്റ് പ്രൊഫസർ | 2 | 1 |
| | പ്രൊഫസർ | 1 | 0 |
| സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് | അസിസ്റ്റന്റ് പ്രൊഫസർ | 4 | 3 |
| | അസോസിയേറ്റ് പ്രൊഫസർ | 2 | 1 |
| | പ്രൊഫസർ | 1 | 0 |
| സ്കൂൾ ഓഫ് ട്യൂറിസം സ്റ്റഡീസ് | അസിസ്റ്റന്റ് പ്രൊഫസർ | 2 | 2 |
| | അസോസിയേറ്റ് പ്രൊഫസർ | 2 | 1 |
| | പ്രൊഫസർ | 0 | 0 |
| ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംങ് ലേണിംഗ് & എക്സ്റ്റൻഷൻ | അസിസ്റ്റൻറ് ഡയറക്ടർ | 1 | 0 |
| സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ | അസിസ്റ്റൻറ് ഡയറക്ടർ | 1 | 0 |

**<u>Total sanctioned strength</u>**

Assistant Professor : 87

Associate Professor : 25

Professor : 14

Assistant Director : 02

**<u>ഉപചോദ്യം: ശ്രീ. ജോജി അലക്സ്</u>**

ടി ലിസ്റ്റ് പരിശോധിക്കുമ്പോൾ സർവകലാശാലയിൽ വളരെയധികം തസ്തികളിൽ ഒഴിവുള്ളതായി കാണുന്നു. ആയത് നികത്താൻ വേണ്ട നടപടികൾ സർവകലാശാല സ്വീകരിക്കുമോ?

ടി തസ്തികകൾ നികത്താൻ വേണ്ട പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരികയാണ് എന്ന് **അധ്യക്ഷൻ** അറിയിച്ചു.

**<u>ഡോ. എ. സുരേഷ്</u>**

12. സർവകലാശാലയ്ക്ക് ഫീസ് ഇനത്തിൽ കുടിശ്ശിക ഉള്ള ഏതെങ്കിലും കോളേജുകൾക്ക് ഈ വർഷം മാർജിനൽ ഇൻക്രീസ് നൽകിയിട്ടുണ്ടോ? കഴിഞ്ഞവർഷം കുടിശ്ശിക അടക്കാം എന്ന ഉറപ്പിന്മേൽ മാർജിനൽ ഇൻക്രീസ് നൽകിയ കോളേജുകളിൽ ഏതെങ്കിലും കോളേജുകൾ അവ അടച്ചുതീർക്കാനുണ്ടോ?

അംഗം സഭയിൽ ഹാജരാകാത്തതിനാൽ ചോദ്യം ഉന്നയിക്കപ്പെട്ടില്ല.

**<u>ഡോ. വിനു റ്റി.പി.</u>**

**13**. Cap admission സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ? Autonomous കോളേജുകളിലെ അഡ്മിഷൻ സർവ്വകലാശാല മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടാണ് നടത്തുന്നത് എന്ന് ഉറപ്പാക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

**<u>ഉത്തരം: പ്രൊഫ. ഹരികൃഷ്ണൻ പി., സിൻഡിക്കേറ്റ് അംഗം</u>**

ബിരുദ, ബിരുദാനന്തര ബിരുദ, ബി.എഡ്., ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളുടെ CAP പ്രവേശനം സമയബന്ധിതമായി തീർക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. നിലവിലെ CAP ഷെഡ്യൂൾ പ്രകാരം അഡ്മിഷൻ നടപടികൾ പൂർത്തിയാക്കുന്ന തീയതികൾ താഴെ നല്കിയിരിക്കുന്നു.

| CAP | അഡ്മിഷൻ നടപടികൾ പൂർത്തിയാകുന്ന തീയ്യതി |
|---|---|
| UG | 01-11-2021 |
| PG | 26-11-2021 |
| B.Ed. | 18-11-2021 |
| I.P. | 01-11-2021 |

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വയംഭരണ കോളേജുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ കൈപ്പുസ്തകത്തിൽ സ്വയംഭരണ കോളേജുകളിലെ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം നടത്തുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ അടങ്ങിയ കൈപ്പുസ്തകം 18/5/2017 തീയതിയിൽ അംഗീകരിച്ച് അത് പാലിക്കുന്നതിനായി എല്ലാ സ്വയംഭരണ കോളേജുകൾക്കും നല്കിയിട്ടുള്ളതാണ്. ടി കോളേജുകളിൽ നടത്തുന്ന വിവിധ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശന വിജ്ഞാപനം ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തണം, അപേക്ഷ ഫോറവും, പ്രോഗ്രാം, പ്രവേശനത്തിനുള്ള യോഗ്യതകൾ, ഇളവുകൾ, സംവരണ മാനദണ്ഡങ്ങൾ, സീറ്റുകളുടെ ഇനം തിരിച്ചുള്ള എണ്ണം, ഫീസ് നിരക്കുകൾ, കോളേജിനുള്ളിലും പുറത്തും ഒരു വിദ്യാർത്ഥി പാലിക്കേണ്ട പെരുമാറ്റച്ചട്ടങ്ങൾ, പ്രവേശനത്തിനുള്ള റാങ്ക് പട്ടിക തയ്യാറാക്കുന്ന വിശദമായ മാനദണ്ഡങ്ങൾ തുടങ്ങിയ എല്ലാ വസ്തുതകളും ഉൾപ്പെടുത്തി ഇതോടൊപ്പം പ്രസിദ്ധപ്പെടുത്തേണ്ടതാണ്, പ്രവേശന പ്രക്രിയയുടെ മുഴുവൻ സമയക്രമവും പ്രവേശന വിജ്ഞാപനത്തിൽ ഉൾപ്പെടുത്തണം, എന്നിങ്ങനെ ഉള്ള കാര്യങ്ങൾ കൈപുസ്തകത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**ഉപചോദ്യം: ശ്രീ. ജോജി അലക്സ്**

ഓട്ടോണമസ് കോളേജുകളുടെ അഡ്മിഷൻ സംബന്ധിച്ച വിവരങ്ങളടങ്ങിയ കൈപ്പുസ്തകം എന്തുകൊണ്ടാണ് സർവകലാശാലയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്തത് ?

**ഉത്തരം: പ്രൊഫ. ഹരികൃഷ്ണൻ പി., സിൻഡിക്കേറ്റ് അംഗം**

പ്രസ്തുത വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതായിരിക്കും എന്ന് അദ്ധ്യക്ഷൻ അറിയിച്ചു

**ശ്രീ. ഫെബു ജോർജ്ജ് മത്തായി കുറിച്ചിയത്ത്**

**14.** കോവിഡ് കാലത്തും അല്ലാതെയും വിദ്യാർത്ഥികൾക്ക് ഏറ്റവും സൗകര്യപ്രദമായ സർവ്വകലാശാലയുടെ phone/ online public enquiry system എന്തുകൊണ്ടാണ് കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള സാഹചര്യം ഒരുക്കാത്തത്?

**ഉത്തരം: ഡോ. ബി. കേരളവർമ്മ, സിൻഡിക്കേറ്റ് അംഗം**

കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ സർവകലാശാലയുടെ ഫ്രണ്ട് ഓഫീസ് നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് 19.05.2021-ന് വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ ഒരു webex meeting സംഘടിപ്പിക്കുകയുണ്ടായി. മീറ്റിങ്ങിൽ ഫ്രണ്ട് ഓഫീസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി താഴെ പറയുന്ന ശുപാർശകൾ സമർപ്പിക്കുകയും തുടർ നടപടികൾ പുരോഗമിച്ചു വരികയുമാണ്.

1. സർവ്വകലാശാല നൽകുന്ന സേവനങ്ങളെ fully online എന്നും partially online എന്നും തരം തിരിക്കുന്നതിനും, ഓരോ സെക്ഷനുമായും ബന്ധപ്പെട്ട Frequently Asked Questions with detailed answers തയ്യാറാക്കി ഫ്രണ്ട് ഓഫീസിന് നൽകുക.
2. അതിനായി ഒരു Automated Call Centre തുടങ്ങുക.
3. പദ്ധതി വിഹിതം ഉപയോഗിച്ച് ഫ്രണ്ട് ഓഫീസ് പ്രവർത്തനത്തിന് ആവശ്യമായ advanced software വാങ്ങുന്നതിനുള്ള നടപടി കൈക്കൊള്ളുക.

**ഉപചോദ്യം: ശ്രീമതി. ലേഖ ജെ.**

സർവകലാശാല ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കാൻ വേണ്ട സത്വര നടപടികൾ സർവ്വകലാശാല സ്വീകരിക്കുക.

സർവകലാശാല ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ് എന്ന് **അദ്ധ്യക്ഷൻ** അറിയിച്ചു.

**ശ്രീ. എ.ജെ. ഇമ്മാനുവൽ**

**15.** 2021 മാർച്ച് 27-ന് നടന്ന സെനറ്റ് മീറ്റിംഗിലെ 5-ാം നമ്പർ ചോദ്യത്തിനുത്തരമായി Question Paper Enrichment Committee രൂപീകരിച്ച്, ആറുമാസത്തിനുള്ളിൽ പ്രവർത്തനങ്ങൾ പൂർണ്ണതയിൽ എത്തുമെന്ന് മറുപടി ലഭിച്ചിരുന്നു. ഈ കമ്മറ്റി നാളിതുവരെ ചെയ്ത കാര്യങ്ങൾ എന്തെല്ലാം?

**ഉത്തരം: ഡോ. ബി. കേരളവർമ്മ, സിൻഡിക്കേറ്റ് അംഗം**

Question Bank Enrichment Committee യുടെ തീരുമാനപ്രകാരവും, മേൽനോട്ടത്തിലും ചോദ്യബാങ്ക് രൂപീകരണവും അതിന്റെ പരിഷ്കരണവുമായി ബന്ധപ്പെട്ട് അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും , നിലവിൽ ചോദ്യബാങ്ക് ഇല്ലാതിരുന്ന B.Voc, B.Ed, B.Arch, M.Arch, MBA, പി. ജി. മൂന്ന്, നാല് സെമസ്റ്റർ തുടങ്ങിയ പരീക്ഷകളുടെ ചോദ്യബാങ്ക് തയ്യാറാക്കുകയും പ്രസ്തുത പരീക്ഷകൾ സമയബന്ധിതമായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മുൻപുണ്ടായിരുന്ന ചോദ്യ ബാങ്കുകളിൽ Questions ന്റെ എണ്ണം കൂട്ടുകയും ചെയ്തിട്ടുണ്ട്.

**ഡോ. സജ്ജ മാത്യു**

**16.** എം.ജി സർവ്വകലാശാലയിൽ പുതുതായി ഓട്ടോണമസ് പദവിക്ക് അർഹത നേടിയ കോളേജുകൾ ഏതെല്ലാം? പരിശോധന നടപടികൾ പൂർത്തീകരിച്ചവയെത്ര?

**ഉത്തരം: പ്രൊഫ. ഹരികൃഷ്ണൻ പി., സിൻഡിക്കേറ്റ് അംഗം**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഒരു കോളേജിനും പുതിയതായി സ്വയംഭരണ പദവി അനുവദിച്ചു നൽകിയിട്ടില്ല. സ്വയംഭരണ പദവി അനുവദിക്കുന്നതിനായി തൃക്കാക്കര, ഭാരത് മാതാ കോളേജ് സമർപ്പിച്ച അപേക്ഷ പരിഗണിച്ചുകൊണ്ട് ടി കോളജിൽ ഇൻസ്പെക്ഷൻ നടപടികൾ പൂർത്തിയാക്കിയിരുന്നു. എന്നാൽ സ്വയംഭരണ പദവി അനുവദിക്കുന്നതിനു യു.ജി.സി. നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ടി കോളേജ് പാലിക്കുന്നില്ല എന്ന് കണ്ടെത്തിയതിനെ തുടർന്ന് അപേക്ഷ നിരസിച്ചിരുന്നു.

**ഡോ. സുമി ജോയ് ഓലിയപ്പുറം**

**17.** സർവകലാശാലക്കു കീഴിലെ പഠന വകുപ്പുകളിലും അഫിലിയേറ്റഡ് ഓട്ടോണമസ് കോളേജുകളിലുമായി രജിസ്റ്റർ ചെയ്തിട്ടുള്ള പി.ജി. വിദ്യാർത്ഥികൾ, തങ്ങളുടെ ബിരുദപഠനത്തിൻെറ പൂർത്തീകരണത്തിൻെറ ഭാഗമായി സമർപ്പിക്കുന്ന പ്രബന്ധങ്ങളുടെ

മൗലികത ഉറപ്പുവരുത്തണമെന്ന് യു.ജി.സി. നിഷ്കർഷിക്കുന്നുണ്ട്. ഇക്കാര്യത്തിൽ സർവകലാശാല എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? ഒരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്ന് പറയാമോ?

**ഉത്തരം: ഡോ. സുധാകരൻ കെ.എം.,സിൻഡിക്കേറ്റ് അംഗം**

സർവ്വകലാശാലകളിലെ പഠന വകുപ്പുകളിലും, അഫിലിയേറ്റഡ് /ഒട്ടോണമസ് കോളേജുകളിലുമുള്ള പി.ജി, വിദ്യാർത്ഥികൾ ബിരുദപഠന പൂർത്തികരണത്തിൻെറ ഭാഗമായി സമർപ്പിക്കുന്ന പ്രബന്ധങ്ങളുടെ മൗലികത ഉറപ്പ് വരുത്തുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതാണ് . ഇത്തരം പ്രബന്ധങ്ങളുടെ മൗലികത പരിശോധിക്കുന്നതിനുള്ള URKUND ( OURIGIN- by UGC) Anti Plagiarism Software- നിലവിൽ സർവ്വകാലാശാല ലൈബ്രറിയിൽ ലഭ്യമാണ് .

**ഡോ. ബിജു പി.ആർ.**

**18.** വിദൂര വിദ്യാഭ്യാസം വഴി കോഴ്സുകൾ നടത്തുന്നതിനുള്ള അംഗീകാരം നഷ്ടപ്പെട്ടത് എങ്ങനെയെന്നും, യു.ജി.സി.-യുടെ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ മുഖേന കോഴ്സുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള നിലവിലെ സാധ്യതകൾ വ്യക്തമാക്കുക?

**ഉത്തരം:**

വിദൂര വിദ്യാഭ്യാസ വകുപ്പിൻറെ കീഴിൽ പ്രവർത്തിച്ചിരുന്ന ഓഫ് ക്യാമ്പസ് സെന്ററുകൾ നിർത്തലാക്കിയത് സംബന്ധിച്ച സർവകലാശാല ഉത്തരവ് (No:3529/SDE lll 2015 dtd 20/6/2015), പബ്ലിക് നോട്ടീസ് (SDEI/UGC/2013 dtd 17.04.2017) എന്നിവ പ്രകാരമാണ്. പ്രവേശനം നിർത്തിവച്ച വിദൂരവിദ്യാഭ്യാസ പ്രോഗ്രാമുകൾ പുന:രാരംഭിക്കുന്നതിനുള്ള നടപടികൾ കഴിഞ്ഞ ഏതാനും വർഷങ്ങളായി MGU-SDE-യിൽ നടന്നു വരുന്നു. 2021 ജനുവരി സെഷനിൽ പ്രോഗ്രാമുകൾ തുടങ്ങുന്നതിനായി, 2020 ഒക്ടോബർ മാസത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ഇതിന്റെ വിലയിരുത്തലിന്റെ ഫലമായി ന്യൂനതകൾ രേഖപ്പെടുത്തിയ കത്ത് (check list) UGC-DEB ൽ നിന്നും ലഭിച്ചിരുന്നു. തുടർന്ന് യുജിസി-DEB രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ virtual visit 14.07.2021, 2.30 pm-ന് സർവകലാശാലയിൽ ബഹു. വൈസ് ചാൻസലർ ഓഫീസിൽ, മിനി കോൺഫറൻസ് ഹാളിൽ വച്ച് നടന്നു. ടി യോഗത്തെ സംബന്ധിച്ച് യുജിസി-DEB-ൽ നിന്ന് വിവരങ്ങൾ ലഭ്യമായിട്ടില്ല.

**<u>ഡോ. എ. സുരേഷ്</u>**

**19**. സർവകലാശാല കലോത്സവം ഈ വർഷം നടത്താൻ തീരുമാനം എടുത്തിട്ടുണ്ടോ? കോവിഡ് സാഹചര്യത്തിൽ ഓൺലൈനായി കലോത്സവം നടത്താനുള്ള സാധ്യതകൾ അന്വേഷിക്കുമോ?

അംഗം സഭയിൽ ഹാജരാകാത്തതിനാൽ ചോദ്യം ഉന്നയിക്കപ്പെട്ടില്ല.

**<u>ഡോ. സജു മാത്യു</u>**

**20**. കോളേജുകളിൽ അനിവാര്യമായി രൂപീകരിക്കണമെന്ന് യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള ICC (Internal Complaint Committee) പ്രവർത്തനക്ഷമമാണ് എന്ന് ഉറപ്പുവരുത്താൻ സർവ്വകലാശാല തലത്തിൽ സ്ഥിരസമിതി ഉണ്ടോ? കോളേജിലെ ICC-യുടെ അന്വേഷണ റിപ്പോർട്ട് ആവശ്യപ്പെടാൻ പ്രസ്തുത സമിതിക്ക് അധികാരം നൽകിയിട്ടുണ്ടോ?

**<u>ഉത്തരംഃ ഡോ. ആർ അനിത, സിൻഡിക്കേറ്റ് അംഗം</u>**

യു.ജി.സി (Prevention, prohibition and redressal of sexual harassment of women employees and students in higher educational institutions) റഗുലേഷൻസ് 2015 പ്രകാരമുള്ള ICC സർവകലാശാലയിലും, അഫിലിയേറ്റഡ് കോളേജുകളിലും രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്. കൂടാതെ യു.ജി.സി-യുടെ 2019 റഗുലേഷൻസ് (പരാതിപരിഹാരം) പ്രകാരം ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ രൂപീകരിക്കേണ്ട CSGRC, DSGRC, ISGRC, USGRC എന്നീ വിവിധ തലങ്ങളിലുള്ള പരാതി പരിഹാര സമിതികൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട് .ഇവയിൽ സർവകലാശാല തലത്തിൽ രൂപീകരിച്ചിട്ടുള്ള ISGRC, USGRC എന്നിവ അപ്പലേറ്റ് സമിതികളായാണ് നിലകൊള്ളുന്നത്. എന്നതിനാൽ മേൽ പരാമർശിച്ചിട്ടുള്ള പരാതി പരിഹാര സമിതികളിൽ തീർപ്പാക്കാതെ വരുന്ന പരാതികൾ സർവകലാശാല തലത്തിലുള്ള ISGRC, USGRC എന്നീ പരാതിപരിഹാര സമിതികൾ പരിശോധിക്കുകയും തീർപ്പു കൽപ്പിക്കുകയും ചെയ്തു വരുന്നു. ആയതിൻറെ ഭാഗമായി ICC പോലുള്ള പരാതിപരിഹാര സമിതി റിപ്പോർട്ടുകൾ ആവശ്യപ്പെടാനുള്ള അധികാരം മേൽ സമിതികളിൽ നിക്ഷിപ്തമാണ്.

**<u>ഉപചോദ്യംഃ ഡോ. സജു മാത്യു</u>**

ഐ.സി.സി.യുടെ റിപ്പോർട്ട് പുറത്ത് വന്നുകഴിഞ്ഞാൽ ആവശ്യപ്പെടാനുള്ള സമയം എത്രയാണ്? ഐ.സി.സി.- ക്ക് പരാതി ലഭിച്ചുകഴിഞ്ഞാൽ അന്വേഷണം നടത്താനായി എത്ര ദിവസം ആണ് വേണ്ടത് എന്ന് വ്യക്തത ഇപ്പോഴും ഇല്ല.

യു.ജി.സി. റെഗുലേഷനിൽ ICC യുടെ സമയപരിധി യെക്കുറിച്ച് വ്യക്തമായി പറയുന്നില്ല. ഇത്തരം വിഷയങ്ങൾ വ്യക്തത വരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് **അധ്യക്ഷൻ** അറിയിച്ചു.

**ഡോ. എസ്. അനസ്**

21. യു.ജി.സി.-യുടെ ഏഴാം ശമ്പള പരിഷ്കരണത്തിനോടനുബന്ധിച്ച് നൽകാനുള്ള കുടിശ്ശിക കണക്കാക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി രൂപീകരിച്ച സെല്ലിൻെറ ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുക?

**ഉത്തരം: അഡ്വ. റെജി സക്കറിയ, സിൻഡിക്കേറ്റ് അംഗം**

യു.ജി.സി.-യുടെ ഏഴാം ശമ്പള പരിഷ്കരണത്തിനോടനുബന്ധിച്ച് നൽകാനുള്ള കുടിശ്ശിക കണക്കാക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി ഒരു പ്രത്യേക സെൽ രൂപീകരിച്ചിട്ടില്ല.

**ഉപചോദ്യം: ഡോ. എസ്. അനസ്**

പുതിയ സെൽ രൂപീകരിച്ചിട്ടില്ല എങ്കിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സർവകലാശാല സ്വീകരിക്കുമോ?

**ഉത്തരം: അഡ്വ. റെജി സക്കറിയ, സിൻഡിക്കേറ്റ് അംഗം**

സെൽ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടില്ല. ഉടനെ തന്നെ ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതാണ്.

**ശ്രീ. എബിൻ പി.ജെ.**

22. യു.ജി, പി.ജി. പ്രോഗ്രാമുകളുടെ ഭാഗമായുള്ള പ്രൊജക്റ്റ് റിപ്പോർട്ടുകളിൽ മികച്ച നിലവാരം പുലർത്തുന്നതും, UGC അംഗീകരിച്ച അക്കാദമിക് ജേർണലുകളിൽ പ്രസിദ്ധീകരിക്കുന്ന ഗവേഷണ പ്രബന്ധങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം: ഡോ. സുധാകരൻ കെ.എം, സിൻഡിക്കേറ്റ് അംഗം**

യു.ജി., പി.ജി. പ്രോഗ്രാമുകളുടെ ഭാഗാമായുള്ള പ്രോജക്റ്റ് റിപ്പോർട്ടുകൾ സർവ്വകലാശാലയിൽ കേന്ദ്രീകൃതമായി വിലയിരുത്തുന്നതിന് മാനദണ്ഡങ്ങളും സംവിധാനങ്ങളും നിലവിലില്ല. നയപരമായ തീരുമാനം ഈ വിഷയത്തിൽ ആവശ്യമാണ്. സിൻഡിക്കേറ്റ് ഉപസമിതികളായ അക്കാദമിക്, റിസർച്ച് കമ്മിറ്റികൾ കൂടിയാലോചിച്ച് ഈ വിഷയത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

**<u>ഡോ. അജിത് ജെയിംസ് ജോസ്</u>**

23. മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലെ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർ മൂന്ന് വർഷം കാലാവധി പൂർത്തിയാക്കി കഴിയുമ്പോൾ യൂണിവേഴ്സിറ്റി എൻ.എസ്.എസ്. ഓഫീസിൽ നിന്നും ലഭിക്കേണ്ട സർട്ടിഫിക്കറ്റ് കൃത്യമായി ലഭിക്കാൻ ഉള്ള നടപടി സ്വീകരിക്കുമോ?

**<u>ഉത്തരം: പ്രൊഫ. ബാബു മൈക്കിൾ, സിൻഡിക്കേറ്റ് അംഗം</u>**

മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലെ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർ 3 വർഷം പൂർത്തിയാക്കുന്ന മുറയ്ക്കോ കൂടുതൽ കാലം സേവനമനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത സേവന കാലം പൂർത്തീകരിക്കുന്ന മുറയ്ക്കോ അതാത് കോളേജ് പ്രിൻസിപ്പൽമാരിൽ നിന്നും നേരിട്ടോ പ്രിൻസിപ്പൽ മുഖാന്തിരമോ ലഭിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് നൽകുന്നുണ്ട് . നാളിതുവരെ ഇപ്രകാരം അപേക്ഷ ലഭിച്ചിട്ടുള്ള എല്ലാ അദ്ധ്യാപകർക്കും അവരവരുടെ സേവന കാലം കണക്കാക്കിയുള്ള സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്.

**<u>ഉപചോദ്യം: ഡോ. സിറിയക് ജോസ്</u>**

മികച്ച എൻ.എസ്.എസ്. യൂണിറ്റുകൾക്ക് അവാർഡുകൾ നൽകുന്നതിനോടൊപ്പം ഇതിനു വേണ്ടി പ്രവർത്തിച്ച പ്രോഗ്രാം ഓഫീസർ മാർക്ക് അവാർഡുകൾ നൽകാറില്ല ഇത് സർവകലാശാല പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**<u>ഉത്തരം: പ്രൊഫ. ബാബു മൈക്കിൾ, സിൻഡിക്കേറ്റ് അംഗം</u>**

സർവകലാശാല വിഷയത്തെ കുറിച്ച് പഠിച്ച ശേഷം തീരുമാനം എടുക്കുന്നതായിരിക്കും

**<u>ഉപചോദ്യം: ശ്രീ. സജിത്ത് ബാബു എസ്.</u>**

എൻഎസ്എസ് പ്രോഗ്രാം ഓഫീസർമാർക്ക് പ്രോഗ്രാമുമായി ബന്ധപ്പെട്ട പരിശീലനം നൽകണമെന്ന് സർവകലാശാലയോട് ആവശ്യപ്പെടുന്നു.

ടി വിഷയം പരിഗണിക്കുന്നതാണെന്ന് **അധ്യക്ഷൻ** അറിയിച്ചു.

**<u>ഡോ. എ. സുരേഷ്</u>**

24. എയ്ഡഡ് കോളേജുകളിൽ പുതുതായി സ്വാശ്രയ കോഴ്സുകൾ അനുവദിക്കേണ്ടതില്ല എന്ന സുപ്രീംകോടതി വിധി നിലവിലുള്ള സാഹചര്യത്തിൽ ഇപ്രകാരം കോഴ്സുകൾ സ്വയംഭരണ കോളേജുകൾക്ക് അനുവദിക്കുന്നതിന് എന്തെങ്കിലും ഇളവുകൾ നൽകിയിട്ടുണ്ടോ?

അംഗം സഭയിൽ ഹാജരാകാത്തതിനാൽ ചോദ്യം ഉന്നയിക്കപ്പെട്ടില്ല

**ഡോ. വിനു റ്റി.പി.**

25. മൂല്യനിർണ്ണയ ക്യാമ്പുകളിൽ അധ്യാപകർക്ക് റെമ്യൂണറേഷൻ നൽകുന്നതിനായി സോഫ്റ്റ് വെയർ സംവിധാനം നിലവിലുണ്ടോ? നിലവിലത്തെ അവസ്ഥയിൽ സമയബന്ധിതമായി റെമ്യൂണറേഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം: ഡോ. ബി. കേരളവർമ്മ, സിൻഡിക്കേറ്റ് അംഗം**

മൂല്യനിർണയ ക്യാമ്പുകളിൽ അധ്യാപകർക്ക് പ്രതിഫലം നൽകുന്നതിനായി സോഫ്റ്റ്‌വെയർ സംവിധാനം സർവകലാശാലയിൽ നിലവിലില്ല. ഉത്തരക്കടലാസ് മൂല്യനിർണയത്തിനുള്ള അധ്യാപരുടെ പ്രതിഫലവിതരണവുമായി ബന്ധപ്പെട്ട് നിലവിൽ സർവകലാശാലയിൽ പിന്തുടരുന്ന രീതിയിലെ പോരായ്മകൾ പരിഹരിക്കുന്നതിന് അഫിലിയേറ്റഡ് കോളജുകൾ -പരീക്ഷ – ധനകാര്യം എന്നീ വിഭാഗങ്ങളുടെ കൂട്ടായ്മയിൽ കൂടി ഏകജാലക-ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ട്. നിലവിൽ ബാങ്ക് അക്കൗണ്ടിൽ കൂടിയാണ് പ്രതിഫലം വിതരണം ചെയ്യുന്നതെങ്കിലും ബില്ലിന്റെ status അറിയുന്നതിനും ബാങ്കിൽ credit ചെയ്തു നൽകുന്ന പ്രതിഫലം ഏതു മൂല്യ നിർണയത്തിന് അധ്യാപകർക്ക് നല്കിയതാണെന്നു മനസിലാക്കുന്നതിനും സർവകലാശാലയിൽ പിന്തുടരുന്ന നിലവിലെ സംവിധാനത്തിൽ മാർഗ്ഗം ഇല്ല. സർവകലാശാലയിൽ നിലവിൽ വിവിധ മൂല്യനിർണയ ക്യമ്പുകളിൽ നിന്ന് ഉത്തരക്കടലാസ് മൂല്യനിർണയവുമായി ബന്ധപ്പെട്ടു ലഭിക്കുന്ന അധ്യാപകരുടെ എല്ലാ പ്രതിഫല ബില്ലുകളും സമയബന്ധിതമായി തന്നെ ഓഡിറ്റ് നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് പ്രതിഫല വിതരണം നടത്തിവരുന്നു.

**ഉപചോദ്യം: ശ്രീ. ജോജി അലക്സ്**

ക്യാമ്പുകളും ആയി ബന്ധപ്പെട്ട ബില്ലുകൾ പ്രോസസ് ചെയ്യുന്നതിനായി സോഫ്റ്റ്‌വെയർ സംവിധാനം നിലവിൽ വരുത്തുന്നതിന് സർവ്വകലാശാല മുൻഗണന നൽകണമെന്ന് ആവശ്യപ്പെടുന്നു.

പ്രസ്തുത വിഷയം പരിഗണിക്കാവുന്നതാണ് **അധ്യക്ഷൻ** അറിയിച്ചു.

**ശ്രീ. ജോജി ജോൺ പണിക്കർ**

26. റീവാല്യവേഷനെത്തുടർന്ന് മാർക്ക് കൂടുതൽ ലഭിക്കുന്ന വിദ്യാർത്ഥികൾക്കു പുതിയ മാർക്ക് ലിസ്റ്റ് ലഭിക്കുവാൻ സർവ്വകലാശാല എത്ര രൂപയാണ് ഫീസിനത്തിൽ ഈടാക്കുന്നത്?

**ഉത്തരം: ഡോ. ബിജു തോമസ്, സിൻഡിക്കേറ്റ് അംഗം**

റീവാലുവേഷനെ തുടർന്ന് മാർക്ക് കൂടുതൽ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സർവ്വകലാശാല ഉത്തരവ് നമ്പർ. 6672/ AC A 1/2019/എം.ജി.യു തീയതി 26.12.2019 പ്രകാരം പുതിയ മാർക്ക് പരീക്ഷ പോർട്ടലിൽ രേഖപ്പെടുത്തി പുതിയ മാർക്ക് ലിസ്റ്റ് ലഭിക്കുന്നതിനായി

a. Revaluation Memo തീയതി മുതൽ 3 മാസം വരെ ഫീസ് ഈടാക്കാറില്ല.

b. Revaluation Memo തീയതിയുടെ 3 മാസത്തിന് ശേഷവും ഒരു വർഷത്തിന് മുൻപ് വരെയും മാർക്ക് ചേർത്ത് നല്കുന്നതിന് Rs.265 /- പിഴ ഈടാക്കുന്നുണ്ട്.

c. Revaluation Memo തീയതിയുടെ ഒരു വർഷത്തിന് ശേഷവും അഞ്ച് വർഷത്തിന് മുൻപ് വരെയും മാർക്ക് ചേർത്ത് നല്കുന്നതിന് Rs. 525 /- പിഴ ഈടാക്കുന്നുണ്ട്.

d. Revaluation Memo തീയതിയുടെ അഞ്ച് വർഷത്തിന് ശേഷം മാർക്ക് ചേർത്ത് നല്കുന്നതിന് Rs. 1050 /- പിഴ ഈടാക്കുന്നുണ്ട്.

**ഡോ. അജിത് ജെയിംസ് ജോസ്**

**27.** 2021 മാർച്ചിന് ശേഷം നാളിതുവരെ ഡിഗ്രി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്? അതിൽ എത്ര ഡിഗ്രി സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്?

**ഉത്തരം: ഡോ. ബി. കേരളവർമ്മ, സിൻഡിക്കേറ്റ് അംഗം**

2021 മാർച്ച് ശേഷം നാളിതുവരെ ബിരുദ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി 14,986 അപേക്ഷകളാണ് ലഭിച്ചത് അതിൽ 13,051 ബിരുദ സർട്ടിഫിക്കറ്റുകൾ നൽകി. ബാക്കി അപേക്ഷകളിൽ നടപടികൾ പൂർത്തീകരിച്ച് വരുന്നു.

**ഉപചോദ്യം: സജിത്ത് ബാബു എസ്.**

സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള കാലതാമസം വിദ്യാർഥികൾക്ക് പല അവസരങ്ങളും നഷ്ടമാകുന്നുണ്ട്. വേണ്ട നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

**ഉത്തരം: ഡോ. ബി. കേരളവർമ്മ, സിൻഡിക്കേറ്റ് അംഗം**

സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് സർവകലാശാല പ്രത്യേക പരിഗണനയാണ് നൽകുന്നത്. കൂടുതൽ കാലതാമസം ഉണ്ടാകാതെ വേഗത്തിൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

**ഡോ. എ.എസ്. സുമേഷ്**

**28.** 2020-21 അക്കാദമിക വർഷം മുതൽ വിവിധ വിഷയങ്ങളിൽ അഫിലിയേറ്റഡ് കോളേജുകളിൽ ആരംഭിച്ച ഇൻറഗ്രേറ്റഡ് കോഴ്സുകളുടെ സിലബസ് തയ്യാറാക്കൽ, ഫീസ് ഘടന നിശ്ചയിക്കൽ എന്നീ കാര്യങ്ങൾ പൂർത്തിയായിട്ടുണ്ടോ?

**<u>ഉത്തരം: ഡോ. സുധാകരൻ കെ.എം., സിൻഡിക്കേറ്റ് അംഗം</u>**

അഫിലിയേറ്റഡ് കോളേജുകളിൽ ആരംഭിച്ച 5 ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളുടെ സിലബസ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. (സ.ഉ. നമ്പർ: 218/ACA9/1/2021 dated 12.01.2021), ടി സിലബസ് ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകൾക്കുള്ള റഗുലേഷൻസ് ക്ലിപ്തപ്പെടുത്തുന്നതിന് മുമ്പ് അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. അംഗീകരിക്കപ്പെട്ടിട്ടുള്ള സിലബസുകൾ പൂർണ്ണമല്ല. കോഴ്സ് കോഡുകൾ അനുവദിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്.2020-21 അക്കാദമിക് വർഷം മുതൽ വിവിധ വിഷയങ്ങളിൽ അഫിലിയേറ്റഡ് കോളേജുകളിൽ ആരംഭിച്ച ഇൻറഗ്രേറ്റഡ് പ്രോഗ്രാമുകളുടെ ഫീസ് ഘടന സംബന്ധിച്ച വിവരശേഖരണത്തിനായി സർക്കാരിലേക്ക് നം.68404/ACA1-2/2021/ACA1, തീയതി.21.04.2021 -ആയി കത്തയച്ചിട്ടുണ്ട്. ടി കത്തിന് ഇതുവരെ മറുപടി ലഭിച്ചിട്ടില്ല.

**<u>ഉപചോദ്യം: ഡോ. എ.എസ്. സുമേഷ്</u>**

ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളുടെ ഫീസ് ഘടനയും പൂർണ്ണമായ സിലബസ്സും ഉടൻ പൂർത്തിയാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

**<u>ഉപചോദ്യം: ഡോ. കെ.വി. തോമസ്,</u>**

പുതിയതായ ഇന്റഗ്രേറ്റഡ് കോഴ്സുകൾ ആരംഭിച്ചിട്ടുള്ള കോളേജുകളിൽ അതിന്റെ സെമസ്റ്റർ പൂർത്തീകരിക്കപ്പെട്ടിട്ടില്ല. സിലബസ് തയ്യാറാക്കുമ്പോൾ കോളേജുകളിലെ അധ്യാപകരുടെ അഭിപ്രായം കൂടെ ആരായണം എന്ന് അഭ്യർത്ഥിക്കുന്നു.

**<u>ഉത്തരം: ഡോ. സുധാകരൻ കെ.എം., സിൻഡിക്കേറ്റ് അംഗം</u>**

പുതിയ കോഴ്സുകൾ ആരംഭിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ് കളിലെ അധ്യാപകരുടെ അഭിപ്രായങ്ങൾ തേടാറുണ്ട്.കുറഞ്ഞ സമയത്തിനുള്ളിൽ തന്നെ integrated പ്രോഗ്രാമുകളുടെ ഫീസ് ഘടനയും സിലബസും പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

**<u>ഡോ. സജ്ജ മാത്യു</u>**

**29.** 2018 ജനുവരി മുതൽ ഇതുവരെ എം.ജി സർവ്വകലാശാലയിലെ വിവിധ കോളേജുകളിൽ അപ്രൂവൽ ലഭിച്ച പ്രിൻസിപ്പൽ മാരുടെ എണ്ണം എത്ര? അതിൽ എത്ര ഫയലുകൾ ഇനിയും തീർപ്പാക്കുവാനുണ്ട്?

**<u>ഉത്തരം: പ്രൊഫ. ഹരികൃഷ്ണൻ പി., സിൻഡിക്കേറ്റ് അംഗം</u>**

2018 ജനുവരി മുതൽ ഇതുവരെ മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വിവിധ എയ്ഡഡ് കോളേജുകളിലെ (എയ്ഡഡ് ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുകൾ ഉൾപ്പടെ) അപ്രൂവൽ ലഭിച്ച

പ്രിൻസിപ്പൽമാരുടെ എണ്ണം :18 (പതിനെട്ട്), 5(അഞ്ച്) നിയമനാംഗീകാരശുപാർശകളിന്മേൽ നടപടികൾ സ്വീകരിച്ച വരികയാണ്.

**<u>ഉപചോദ്യം: ഡോ. സജു മാത്യു</u>**

നിരസിക്കപ്പെട്ട പ്രിൻസിപ്പൽ നിയമന ഉത്തരവ് സുപ്രീം കോടതിയുടെ വിധി പ്രകാരം നിയമന ഉത്തരവ് നൽകേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ.?

**<u>ഉത്തരം: പ്രൊഫ. ഹരികൃഷ്ണൻ പി., സിൻഡിക്കേറ്റ് അംഗം</u>**

സുപ്രീംകോടതി വിധി പ്രകാരം നിയമന ഉത്തരവ് നൽകേണ്ടതായ സാഹചര്യം ഉണ്ടായിട്ടുണ്ട്.

**<u>ശ്രീ. ജോൺ എം. ജോർജ്</u>**

**30.** 2019-20 അദ്ധ്യയന വർഷം സ്പോർട്ട്സ് അഫിലിയേഷൻ വകയായി എത്ര രൂപ കിട്ടി? കായിക വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി എത്ര രൂപ ചിലവഴിച്ചിട്ടുണ്ട്?

**<u>ഉത്തരം: ഡോ. ബിജു തോമസ്, സിൻഡിക്കേറ്റ് അംഗം</u>**

2019-20 അദ്ധ്യയന വർഷം സ്പോർട്ട്സ് അഫിലിയേഷൻ ഫീസായി 2,73,35,577/-( രണ്ട് കോടി എഴുപത്തിമൂന്ന ലക്ഷത്തി മുപ്പത്തി അയ്യായിരത്തി അഞ്ഞൂറ്റി എഴുപത്തി ഏഴുരൂപ) രൂപ കിട്ടി. കായിക വിദ്യാഭ്യാസത്തിന്റെ പ്രവർത്തനങ്ങൾക്കായി 96,46,302/-(തൊണ്ണൂറ്റി ആറ് ലക്ഷത്തി നാൽപ്പത്തി ആറായിരത്തി മുന്നൂറ്റി രണ്ട്) രൂപ ചിലവഴിച്ചു.

**<u>ഉപചോദ്യം: ശ്രീ. ജോജി അലക്സ്</u>**

സ്പോർട്സ് അഫിലിയേഷൻ ഫീസ് ഇനത്തിൽ ലഭിക്കുന്ന തുകയുടെ മൂന്നിലൊന്ന് മാത്രമേ കായിക വിദ്യാഭ്യാസത്തിനായി ഉപയോഗിക്കുന്നുള്ളൂ. കൂടുതൽ തുക ഇതിനായി ഉപയോഗിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

**<u>ഉത്തരം: ഡോ. ബിജു തോമസ്, സിൻഡിക്കേറ്റ് അംഗം</u>**

അംഗം ആവശ്യപ്പെട്ട കാര്യം വളരെ ഗൗരവത്തോടെ കാണുകയും വേണ്ട നടപടികൾ സ്വീകരിക്കുന്നതുമാണ്.

**<u>ശ്രീ. വിനീഷ് കെ.എ.</u>**

**31.** 2020-21 അദ്ധ്യയന വർഷത്തിലെ പരീക്ഷകൾ 2021-22 അദ്ധ്യയനവർഷം നടത്തുമ്പോൾ നഷ്ടപ്പെടുന്ന അദ്ധ്യയന ദിവസങ്ങൾ നികത്തുന്നതിന എന്ത് സംവിധാനമാണ് സർവ്വകലാശാലയുടെ പരിഗണനയിലുള്ളത്? പുതിയതായി ആരംഭിച്ച ന്യൂജെൻ കോഴ്സുകളുടെ അദ്ധ്യയന ദിനം നികത്തുന്നതിന് എന്ത് സംവിധാനമാണ് പരിഗണനയിലുള്ളത്?

**ഉത്തരം: ഡോ. സുധാകരൻ കെ.എം., സിൻഡിക്കേറ്റ് അംഗം**

2021-22 അദ്ധ്യയനവർഷം കോവിഡ്-19 മഹാമാരി മൂലം നഷ്ടപ്പെട്ട പ്രവർത്തിദിനങ്ങൾ അക്കാദമിക് കലണ്ടറിൽ പ്രതിപാദിച്ചിട്ടുള്ളതുപോലെ ഏതെങ്കിലും സെമസ്റ്ററുകളിൽ നിയമപ്രകാരമുള്ള പ്രവർത്തിദിനങ്ങൾ തികയാതെ വരികയാണെങ്കിൽ സ്പെഷ്യൽ ക്ലാസുകൾ നടത്തി ആയതു പരിഹരിക്കേണ്ടതാണ്. ഏപ്രിൽ,മെയ് മാസങ്ങളിലെ പ്രവർത്തിദിനങ്ങൾ സ്പെഷ്യൽ ക്ലാസ്സുകളായി പരിഗണിക്കുന്നതാണ്. ഇത് ന്യൂജനറേഷൻ പോഗ്രാമുകൾക്കും ബാധകമാണ്. (നം.77352/എസി.എ 1-3/2021/എസിഎഡി, തീയതി; 09.05.2021)

**ശ്രീ. ജോജി ജോൺ പണിക്കർ**

**32.** പിഎച്ച്ഡി ഗവേഷണം പൂർത്തിയാക്കി സർവ്വകാലാശാലയിൽ തീസിസ് സമർപ്പിച്ച ഗവേഷണ വിദ്യാർത്ഥികളിൽ ഒരു വർഷം പൂർത്തിയായിട്ടും ഓപ്പൺ ഡിഫെൻസ് നടക്കാത്ത എത്ര പ്രബന്ധങ്ങൾ സർവ്വകലാശാലയിൽ ഉണ്ട്? ഇത് വേഗത്തിലാക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

**ഉത്തരം: ഡോ. ഷജില ബീവി എസ്., സിൻഡിക്കേറ്റ് അംഗം**

തീസിസ് സമർപ്പിച്ച് ഒരു വർഷം പൂർത്തിയായിട്ടും ഓപ്പൺ ഡിഫൻസ് നടക്കാത്ത 68 പ്രബന്ധങ്ങൾ ഉണ്ട്. കൃത്യമായ ഇടവേളകളിൽ പ്രബന്ധപരിശോധകരെ ഇ-മെയിൽ വഴിയും ടെലിഫോൺ മുഖേനയും ബന്ധപ്പെട്ടു പ്രബന്ധ പരിശോധന പൂർത്തീകരിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ഉള്ള ഓർമ്മക്കുറിപ്പുകൾ നൽകുന്നുണ്ട്. കൂടാതെ പ്രബന്ധത്തിന്റെ ഹാർഡ് കോപ്പി അയച്ചു കൊടുക്കുന്നതു മൂലമുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി പ്രബന്ധത്തിന്റെ സോഫ്റ്റ് കോപ്പി അയക്കുന്ന നടപടിയും സ്വീകരിച്ചിട്ടുണ്ട്. റെഗുലേഷൻ അനുശാസിക്കുന്ന കാലപരിധിക്കുള്ളിൽ പ്രബന്ധപരിശോധന പൂർത്തീകരിക്കാത്തവരെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്തു അടുത്ത പ്രബന്ധ പരിശോധകന് പ്രബന്ധം നൽകുന്നതും ഉറപ്പാക്കിയിട്ടുണ്ട്.

**ഉപചോദ്യം: ശ്രീ. ജോജി ജോൺ പണിക്കർ**

പ്രബന്ധ പരിശോധനയ്ക്ക് റെഗുലേഷൻ അനുശാസിക്കുന്ന കാലപരിധി എത്രയാണ്? ഓർമ്മക്കുറിപ്പുകൾ ഏതു കാലപരിധിയിലാണ് നൽകാറുള്ളത്?

**ഉത്തരം: ഡോ. ഷജില ബീവി എസ്., സിൻഡിക്കേറ്റ് അംഗം**

പ്രബന്ധ പരിശോധനയ്ക്ക് 3 മാസം 45 ദിവസം കഴിയുന്ന സാഹചര്യത്തിൽ ഓർമ്മക്കുറിപ്പുകൾ നൽകാറുണ്ട്.

സമയപരിധി അവസാനിച്ചതിനാൽ ചോദ്യോത്തരവേള അവസാനിച്ചതായി അദ്ധ്യക്ഷൻ അറിയിച്ചു,

തുടർന്ന് ശ്രീ. ജോജി അലക്സ്, ഡോ. സജ്ജ മാത്യു എന്നിവർ അടിന്തിര പ്രമേയങ്ങൾ സമർപ്പിച്ചിട്ടുള്ള വിവരം അദ്ധ്യക്ഷൻ അറിയിച്ചു. അവതരണത്തിനായി സഭയുടെ പിൻതുണ തേടിയപ്പോൾ ശ്രീ. ജോജി അലക്സ് സമർപ്പിച്ച അടിയന്തിര പ്രമേയത്തിന് മതിയായ പിന്തുണ ലഭിക്കുകയും പ്രമേയം അവതരിപ്പിക്കപ്പെടുകയും ചെയ്തു.

<u>അടിയന്തിരപ്രമേയം</u>

**അവതാരകൻ : ഡോ. ജോജി അലക്സ്**

**ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ അധ്യാപനരീതികളും അധ്യായനപ്രക്രിയകളിലും കാലാനുസൃകമായ പരിഷ്കാരങ്ങൾ കൊണ്ടുവരും വിധത്തിൽ കരിക്കുലവും സിലബസുകളുമെല്ലാം പുനഃക്രമീകരിക്കേണ്ടിയിരുക്കുന്നു എന്നാൽ, ഈ ആശയത്തിൻെറ പിൻബലത്തിൽ സ്വകാര്യകുത്തക കമ്പനികൾക്ക് വിദ്യാഭ്യാസമേഖല കയ്യടക്കാൻ ആകുംവിധത്തിൽ ദേശീയവിദ്യാഭ്യാസനയം-2020-ൻെറ ഭാഗമായി ഉന്നതവിദ്യാഭ്യാസ മേഖലയിൽ Blended Learning സമ്പ്രദായം ഏർപ്പെടുത്താനുള്ള നീക്കത്തിൻെറ അപകടകരമായ അക്കാഡമിക് പ്രശ്നങ്ങൾ പരിഗണിച്ചു കൊണ്ട് ഈ നീക്കത്തിൽ നിന്നു പിൻമാറണമെന്ന് അധികൃതരോട് ഈ സെനറ്റ് യോഗം ആവശ്യപ്പെടുന്നു.**

നമ്മുടെ രാജ്യം വളരെ അപകടകരമായ കാലഘട്ടത്തിലൂടെ കടന്നു പോയിക്കൊണ്ടിരിക്കുകയാണ്. അത് നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ മാത്രമല്ല രാജ്യത്തെ തന്നെ പൊതു സ്വത്തുക്കൾ മുഴുവൻ സ്വകാര്യവൽക്കരിച്ചു കൊണ്ടിരിക്കുന്ന കാഴ്ചയാണ് നമ്മൾ ഇവിടെ കാണുന്നത്. ഇന്ത്യയുടെ സമ്പദ് വ്യവസ്ഥയെ കോർപ്പറേറ്റുകൾക്ക് മുന്നിൽ അടിയറ വെച്ചു കൊണ്ട് ഈ രാജ്യത്തിലെ സാധാരണക്കാരുടെ ജീവിതം ഓരോ ദിവസവും ദുഃസഹമാക്കി കൊണ്ടിരിക്കുകയാണ്. രാജ്യത്തിന്റെ വിശപ്പടക്കുന്ന കർഷകരുടെ ജീവിതവും കേന്ദ്ര സർക്കാർ കൊണ്ടുവന്ന കാർഷിക ബില്ലിലൂടെ അവതാളത്തിൽ ആയിരിക്കുകയാണ്.

ഉന്നതവിദ്യാഭ്യാസരംഗത്തെ ദേശീയ വിദ്യാഭ്യാസ നയം 2020 എന്ന പേരിൽ പാർലമെന്റിൽ വേണ്ടത്ര ചർച്ച പോലും ചെയ്യാതെ നടപ്പിലാക്കിയ ഒന്നാണ്. ദേശീയ വിദ്യാഭ്യാസ നയത്തെ വാണിജ്യ വൽക്കരിക്കുകയും കാവി വൽക്കരിക്കുകയും ചെയ്യുന്ന സമീപനത്തിലാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. സമൂഹത്തിലെ എല്ലാ തട്ടിലും വിദ്യാഭ്യാസം ഒരുപോലെ എന്ന് ചാവറയച്ചനും അയ്യങ്കാളിയും മുന്നോട്ടുവച്ച വിദ്യാഭ്യാസ ചിന്തകളെയും പോരാട്ടങ്ങളെയും കാറ്റിൽപറത്തി കൊണ്ടാണ് പുതിയ വിദ്യാഭ്യാസരീതി നടപ്പിലാക്കുവാൻ പോകുന്നത്.

സ്വാതന്ത്ര്യസമരകാലത്ത് മഹാത്മാഗാന്ധി പറഞ്ഞ വാക്യങ്ങൾ ഇപ്പോൾ കൂടുതൽ പ്രസക്തമാകുകയാണ് 'നിങ്ങൾ കലാലയങ്ങൾ വിട്ട് പുറത്തുവരിക നിയമം ലംഘിക്കുക' അതുപോലെ തന്നെ ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിലും ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലും വിദ്യാർഥികൾ കലാലയങ്ങളിൽ ഉയർത്തിയ പ്രക്ഷോഭത്തിൻെറ ഫലമായിട്ടാണ് പലകാര്യങ്ങളും ഇന്ന് നമ്മുടെ രാജ്യത്ത് നേടിയെടുക്കാൻ സാധിച്ചത്. നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്ന ജനാധിപത്യവും മതേതരത്വവും സോഷ്യലിസവും

മുൻനിർത്തിക്കൊണ്ടുള്ള പോരാട്ടത്തെ ഏതുവിധേനയും അടിച്ചമർത്തി, മോദി സർക്കാറിന്റെ അജൻഡ ഈ രാജ്യത്ത് നടപ്പിലാക്കാം എന്ന കേന്ദ്ര സർക്കാരിൻെറ നീക്കം രാജ്യം ചെറുത്തു തോൽപ്പിക്കും എന്നതിൽ സംശയമില്ല.

Blended Learning എന്നതുകൊണ്ട് കേന്ദ്രസർക്കാർ മുന്നോട്ടുവെക്കുന്നത് കോവിഡ്-19 ൻെറ മറവിൽ ഓപ്പൺ കുത്തകകൾക്കും ഓപ്പൺ ഓൺലൈൻ ക്ലാസുകൾക്കും വേണ്ട ഒത്താശ ചെയ്തു കൊടുത്തുകൊണ്ട് വിദേശ സർവകലാശാലകൾക്കും പ്രൈവറ്റ് യൂണിവേഴ്സിറ്റികൾക്കും രാജ്യത്ത് സൗകര്യങ്ങളൊരുക്കി കൊടുക്കുക എന്നതാണ്. പൊതുവിദ്യാഭ്യാസ രംഗത്ത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ആളുകളെയും സ്ഥാപനങ്ങളെയും നിശബ്ദരാക്കാൻ ഉള്ള നയമാണ് ഈ സർക്കാർ മുന്നോട്ടുവക്കുന്നത്.

രാജ്യാന്തര തലത്തിൽ നമ്മുടെ യൂണിവേഴ്സിറ്റിക്ക് ശ്രദ്ധനേടാൻ സാധിക്കുന്നത് പ്രഗൽഭരായ ശാസ്ത്രജ്ഞന്മാരുടെയും അധ്യാപകരുടേയും പ്രവർത്തന മികവിലൂടെ ആണ്. ഇത്തരത്തിലുള്ള മാനവവിഭവശേഷി ഉണ്ടാക്കിയെടുക്കുവാൻ സാധിച്ചത് കൊണ്ടുതന്നെയാണ് കേരളത്തിലെ സർവ്വകലാശാലകൾ ലോകനിലവാരത്തിലേയ്ക്ക് ഉയർന്നു വരുന്നത്.

രാജ്യത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ് (ABC), Blended Learning സംവിധാനങ്ങളിലൂടെ വിദ്യാർത്ഥികൾ ക്യാമ്പസുകളിൽ വരേണ്ട ആവശ്യമില്ല എന്ന് ഏതെങ്കിലും ഏജൻസികൾ ആവശ്യപ്പെട്ടാൽ അത് അനുവദിച്ചു നൽകുവാൻ സാധിക്കുകയില്ല. അധ്യാപകരും വിദ്യാർഥികളും തമ്മിലുള്ള ബന്ധത്തിലൂടെയാണ് എപ്പോഴും വിദ്യാഭ്യാസരംഗം നന്നായി മുന്നോട്ട് പോകുന്നത്.

വിദ്യാർഥികളും അധ്യാപകരുമായുള്ള ക്ലാസിനിടയിൽ ജനാധിപത്യ രീതിയിൽ സംസാരിച്ച കാസർകോട് കേന്ദ്ര സർവകലാശാലയിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ഗിൽബർട്ട് സെബാസ്റ്റ്യനെ പുറത്താക്കി. ഇത്തരത്തിൽ അധ്യാപകരെയും വിദ്യാർഥികളെയും ശബ്ദിക്കാൻ അനുവദിക്കാതെ കലാലയങ്ങളുടെ വായ് മൂടി കെട്ടുന്ന നയവും ആയിട്ടാണ് കേന്ദ്രസർക്കാർ മുന്നോട്ടു പോകുന്നത്.

ഇത്തരം അനീതിക്കെതിരെ കക്ഷിരാഷ്ട്രീയ ജാതിഭേദമന്യേ എല്ലാവരും മുന്നോട്ടുവരണമെന്ന് ഈ സഭയോട് ആവശ്യപ്പെടുന്നു.

**<u>അഡ്വ. റെജി സക്കറിയ, സിൻഡിക്കേറ്റ് അംഗം</u>**

സഭയിൽ ഇത്തരമൊരു വിഷയവുമായി ബന്ധപ്പെട്ട പ്രമേയത്തിന് അവതരണാനുമതി തേടിയ സാഹചര്യത്തിൽ കുറച്ചുപേരെങ്കിലും നിശബ്ദരാകുകയോ സഭ വിട്ട് പുറത്തേക്ക് പോവുകയും ചെയ്തു സാഹചര്യമുണ്ടായി. മഹാത്മാ ഗാന്ധിയും ജവഹർലാൽ നെഹ്റുവും ഭഗത് സിങ്ങും ചവറ്റുകൊട്ടയിലേക്ക് തള്ളപ്പെടുമ്പോൾ ബ്രിട്ടീഷുകാരുടെ പാദസേവകർ ചരിത്രപുരുഷന്മാർ ആയി മാറുമ്പോൾ ചരിത്രത്തെ തെറ്റായ വ്യാഖ്യാനിക്കുന്ന പുത്തൻ വിദ്യാഭ്യാസ നയത്തെ അനുകൂലിക്കുന്നവരാണോ ഈ പ്രമേയത്തെ എതിർത്ത് സഭ വിട്ട് പുറത്തു പോയത് എന്ന ചിന്ത ഇവിടെ പങ്കുവയ്ക്കുന്നു.

വിദ്യാഭ്യാസമേഖലയെയും സംസ്കാരത്തെയും നമ്മുടെ സമൂഹത്തെയും കവർന്നെടുക്കുന്ന ഈ കറുത്ത ചിന്തകളെ എതിർത്തു തോൽപ്പിക്കുവാൻ ഈ പ്രമേയത്തെ ഐക്യകണ്ഠേന

അംഗീകരിക്കണമെന്ന് സഭയോട് ആവശ്യപ്പെടുന്നു.

കൂടാതെ ശ്രീമതി. ലേഖ ജെ., ഡോ. സുമി ജോയ് ഓലിയപ്പുറം, ഡോ. കെ.വി. തോമസ്, എന്നിവർ പ്രമേയത്തെ അനുകൂലിച്ചു സംസാരിച്ചു.

**II. സിൻഡിക്കേറ്റും വൈസ് ചാൻസലറും അവതരിപ്പിക്കുന്ന വിഷയങ്ങൾ.**

**As per statutes 9(7) Chapter 23 of MahatmaGandhi University statutes 1997, the matter of granting of affiliation to a new college/course shall be reported to the Senate at its next meeting. Hence it is reported that the following new courses have been granted affiliation by the University after the last meeting of the senate held on 27.03.2021**

| Sl.No | Name of College | Programme |
|---|---|---|
| 1 | College of Applied Science, Marayoor. | M.Com Finance & Taxation |
| 2 | College of Applied Science, Puthuppally. | M.Com Finance & Taxation |
| 3 | College of Applied Science, Kaduthuruthy. | M.Com Finance & Taxation |
| 4 | Mount Zion Law College, Kadamanitta | a) 3 year LLB<br>b) 5 year B A LLB(Hons)<br>c) 5 year B B A LLB(Hons) |
| 5 | Sree Narayana Law College, Poothotta | a) LLM(Commercial Law)<br>b) LLM(Criminal Law)<br>c) 3 year LLB(Additional Batch)<br>d) 5 year B Com LLB(Hons) |
| 6 | St. Geroge’s College, Aruvithura | B Com Model I (Finance and Taxation) |
| 7 | Govt. college Kattappana- | B.Sc. Physics model I |
| 8 | Sree Narayana Arts & Science | BA. Economics model I |

| | | |
|---|---|---|
| | College, Pambanar | |
| 9 | St. Xavier's College, Vaikom | B.Sc Food Science and Quality Control |
| 10 | Nirmala College, Muvattupuzha | Integrated M.Sc Programme in Computer Science- Data Science |
| 11 | Kuriakose Gregorios College, Pampady - | B.Sc Food Science and Quality Control |
| 12 | Marthoma College for Women, Perumbavoor - | Integrated M.Sc Programme in Basic Sciences-Physics |

## Restarting Suspended Programmes

1) Pavanatma college, Murickassery

B.Voc Animation & Graphic Designing

2) Sree sankara Vidyapeetom college, Valayanchirangara

B.Voc Tourism and Hospitality Management

**As per statutes 14 Chapter 23 of MahatmaGandhi University statutes 1997, the matter of withdrawal or suspension of affiliation shall be placed before the Senate. Hence it is reported that the affiliation of the following courses have been withdrawn by the University after the last meeting of the senate held on 27.03.2021**

## Ceasation of Programmes

| Sl.No | Name of College | Programme |
|---|---|---|
| 1 | Pavanatma college, Murickassery | a) B.Voc Logistics Management,<br>b) B.Sc Chemistry- Petrochemicals |

## Suspended Programmes

**1) Pavanatma college, Murickassery**

B.Voc .LogisticsManagement

B.Voc Animation & Graphic Designing

**2) Sree sankara Vidyapeetom college, Valayanchirangara**

B.Voc Tourism and Hospitality Management

M.sc. Computer Science

മേൽ വിഷയങ്ങൾ സഭ അംഗീകരിച്ചു.

**III. സെനറ്റ് അംഗങ്ങൾ അവതരിപ്പി ച്ച വിഷയങ്ങൾ:**
**(അംഗങ്ങൾ നൽകിയിട്ടുള്ള പ്രമേയങ്ങൾ).**

**അവതാരകൻ: ഡോ. വിനു റ്റി.പി.**

1. സർവ്വകലാശാലയുടെ Act, Statute, മറ്റ് നിയമങ്ങൾ, പരീക്ഷാരീതികൾ ഇവ കാലാനുസൃതമായി പരിഷ്കരിക്കുവാൻ കമ്മീഷനെ നിയമിക്കുവാൻ തീരുമാനമെടുത്ത സംസ്ഥാന സർക്കാരിനെ ഈ യോഗം അഭിനന്ദിക്കുന്നു.

ഡോ. എ.എസ്. സുമേഷ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. അജിത് ജെയിംസ് ജോസ്**

2. ഒരു സെനറ്റ് യോഗത്തിൽ ഉന്നയിക്കുന്ന ചോദ്യങ്ങൾക്കും പ്രമേയങ്ങൾക്കും സർവകലാശാല എന്തു നടപടി സ്വീകരിച്ചുവെന്ന് അടുത്ത സെനറ്റ് യോഗത്തിന് മുൻപ് സെനറ്റംഗങ്ങളെ അറിയിക്കണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

ശ്രീമതി. ലേഖ ജെ. പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. ബിജു പി.ആർ**

3. സർവകലാശാലയിലെ എല്ലാ പഠന വകുപ്പുകളിലെയും കോഴ്സ് നടത്തിപ്പും പരീക്ഷകളും ഫലപ്രഖ്യാപനവും ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

ഡോ. എസ് അനസ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. എസ് അനസ്**

4. സർവകലാശാലയിലെ നിലവിലെ ഗ്രൗണ്ടിൻെറ ശോച്യാവസ്ഥ പരിഹരിച്ച് രാജ്യാന്തര നിലവാരത്തിലുള്ള സിന്തറ്റിക് ട്രാക്ക് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഉണ്ടാകുന്ന വിധത്തിൽ വിപുലീകരിക്കുക.

ഡോ. ബിജു പി.ആർ പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. വിനു റ്റി.പി.**

5. UGC Regulations പ്രകാരമുള്ള Internal complaints committee (ICC)-യുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കമ്മിറ്റി അംഗങ്ങൾക്ക് അവബോധം നൽകുവാൻ ഒരു ശിൽപശാല സംഘടിപ്പിക്കണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

ശ്രീ. ജോജി അലക്സ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. സിറിയക് ജോസ്**

6. മഹാത്മാഗാന്ധി സർവകലാശാലയിലെ നാഷണൽ സർവീസ് സ്കീമിന് ഒരു ഫുൾടൈം കോഓഡിനേറ്ററിനെ നിയമിക്കണമെന്നും കഴിഞ്ഞ മൂന്നു വർഷമായി മുടങ്ങിക്കിടക്കുന്ന അവാർഡ് ദാന ചടങ്ങ് ഉടനടി നടത്തണമെന്നും ഈ സഭ ആവശ്യപ്പെടുന്നു.

ശ്രീ. സജിത്ത് ബാബു എസ്. പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. എ.ജെ. ഇമ്മാനുവൽ**

7. 2021 മാർച്ച് 27 ന് നടന്ന സെനറ്റ് യോഗം അംഗീകരിച്ച 26-ാം നമ്പർ പ്രമേയ പ്രകാരം ബിരുദ- ബിരുദാനന്തര ബിരുദ ക്വസ്റ്റ്യൻ ബാങ്കുകൾ അധ്യാപകർക്കും വിദ്യാർഥികൾക്കും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

ശ്രീ. സജിത്ത് ബാബു എസ്. പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. എ. എസ് സുമേഷ്**

8. സർവകലാശാലയ്ക്കും അഫിലിയേറ്റഡ് കോളേജുകൾക്കും ഉപയോഗിക്കാനാകും വിധം ഒരു മൂഡിൽ പ്ലാറ്റ്ഫോം തയ്യാറാക്കുകയും ഇത് സംബന്ധിച്ച് ആവശ്യമായ പരിശീലനം അധ്യാപകർക്ക് നൽകുകയും വേണമെന്ന് ഈ പ്രമേയം സർവകലാശാലയോട് ആവശ്യപ്പെടുന്നു.

ശ്രീ. ജോജി അലക്സ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. ജോൺ എം. ജോർജ്**

9. സർവകലാശാലയുമായി ബന്ധപ്പെട്ട എക്സാം രജിസ്ട്രേഷൻ, ഇന്റേണൽ മാർക്ക് അപ്‌ലോഡിങ് എന്നിവ ചെയ്യുമ്പോൾ സാങ്കേതിക പിഴവിന് സർവ്വകലാശാല ഫൈൻ ഈടാക്കരുതെന്ന് ഈ യോഗം സർവകലാശാലയോട് ആവശ്യപ്പെടുന്നു.

പ്രമേയം പിൻവലിച്ചു.

**അവതാരക: ശ്രീമതി. ലേഖ ജെ.**

10. സർവകലാശാല നേരിടുന്ന സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് ഗ്രാൻഡ് വർധിപ്പിച്ചു നൽകാൻ സർക്കാരിനോട് ആവശ്യപ്പെടുകയും ആഭ്യന്തര വരുമാനം വർധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

ശ്രീ. ജേക്കബ് സി. നൈനാൻ പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. ജീ ജീ.**

11. മഹാത്മാഗാന്ധി സർവകലാശാല 2020-21 അദ്ധ്യയന വർഷം മുതൽ ബിരുദ തലത്തിൽ രണ്ട് ക്രഡിറ്റ് നൽകി നിർബന്ധമാക്കിയ ഓർഗാനിക് ഫാമിംഗ് എന്ന ഓൺലൈൻ കോഴ്സ് ഫലപ്രദമായി നടത്തുന്നതിന് ഇലക്ടീവ് കോഴ്സായി നടപ്പിലാക്കണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

ഡോ. ജീ ജീ. -യുടെ അസാന്യത്തിൽ ശ്രീ. സജിത്ത് ബാബു എസ്. അദ്ധ്യക്ഷന്റെ അനുമതിയോടെ പ്രമേയം അവതരിപ്പിക്കുകയും മതിയായ പിന്തുണ ലഭിക്കാത്തതിനാൽ പ്രമേയം നിരസിക്കുകയും ചെയ്തു.

**അവതാരകൻ: ശ്രീ. എബിൻ പി.ജെ.**

12. UGC റെഗുലേഷൻ പ്രകാരം യോഗ്യതയുള്ള ലൈബ്രേറിയന്മാരെ അക്കാഡമിക് സ്റ്റാഫ് ആയി പരിഗണിക്കണം എന്ന് ഈ യോഗം സർവ്വകാലാശാലയോട് ആവശ്യപ്പെടുന്നു.

ശ്രീ. ജോജി അലക്സ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. എബിൻ പി.ജെ.**

13. Times Higher Education Asia University Ranking 2021-ൽ 154-ാം സ്ഥാനം കരസ്ഥമാക്കിയ മഹാത്മാ ഗാന്ധി സർവ്വകലാശാലയെയും ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരേയും ഈ യോഗം അനുമോദിക്കുന്നു.

ഡോ. ബിജു പി.ആർ പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. എബിൻ പി.ജെ.**

14. UGC യുടെ Online Blended Learning പദ്ധതി വേണ്ടത്ര ചർച്ച കൂടാതെ നടപ്പിലാക്കരുതെന്ന് ഈ യോഗം സർവ്വകലാശാലയോടും കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെടുന്നു.

ശ്രീ. ജോജി അലക്സ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. എ.ജെ. ഇമ്മാനുവൽ**

15. 2020-21 വർഷത്തെ പി.ജി ക്ലാസുകൾ 2020 ഡിസംബർ 28ന് മാത്രം തുടങ്ങിയ സാഹചര്യത്തിലും ഇതേ വർഷത്തിലെ മുടങ്ങിയ യു.ജി/പി.ജി പരീക്ഷകൾ 2021-22 വർഷം നടത്തി തീർക്കേണ്ടുന്ന സാഹചര്യത്തിലും 2021-22 അക്കാദമിക് കലണ്ടർ ഉടൻ പരിഷ്കരിച്ച് മതിയായ അദ്ധ്യയന ദിനങ്ങൾ ഉറപ്പുവരുത്തണമെന്ന് സർവകലാശാലയോട് ആവശ്യപ്പെടുന്നു.

മതിയായ പിന്തുണ ലഭിക്കാത്തതിനാൽ പ്രമേയം നിരസിച്ചു.

**അവതാരകൻ: ശ്രീ. ജേക്കബ് സി. നൈനാൻ**

16. യൂണിവേഴ്സിറ്റി പരീക്ഷയുടെ അപേക്ഷയും ഫീസും യൂണിവേഴ്സിറ്റിയിൽ അടക്കുന്നതിനായി കോളേജുകൾക്ക് പ്രത്യേക സമയം അനുവദിക്കണമെന്ന് അധികാരികളോട് ഈ യോഗം ആവശ്യപ്പെടുന്നു.

ഡോ. എ.എസ്. സുമേഷ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. എ.എം. റഷീദ്**

17. പഠനത്തോടൊപ്പം ജോലിയും എന്ന സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിതനയം സർവകലാശാലയിൽ നടപ്പിലാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഈ പ്രമേയം സർവകലാശാലയോട് അഭ്യർത്ഥിക്കുന്നു.

ശ്രീ. ജോജി അലക്സ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. വിനു റ്റി.പി.**

18. പുതിയ ദേശീയ വിദ്യാഭ്യാസനയത്തിലെ (NEP) അക്കാദമിക വിരുദ്ധമായ നയങ്ങൾ തള്ളിക്കളയണമെന്ന് ഈ യോഗം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു.

ഡോ. എ.എസ്. സുമേഷ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. ബിജു പി.ആർ**

19. സ്റ്റാറ്റ്യൂട്ടറി ഡിപ്പാർട്ട്മെന്റുകളിൽ നിലവിലുള്ള അധ്യാപക തസ്തികകളിലെ ഒഴിവുകൾ അടിയന്തരമായി നികത്തുകയും എല്ലാ അദ്ധ്യയന വർഷവും തുടങ്ങുന്നതിനു മുമ്പായി അതുവരെയുള്ള ഒഴിവുകൾ സമയബന്ധിതമായി നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

ഡോ. എസ് അനസ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. ഫെബു ജോർജ്ജ് മത്തായി കുറിച്ചിയത്ത്**

20. പരീക്ഷാ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കാൻ പരീക്ഷാ നടത്തിപ്പിൽ വരുന്ന കുറവുകൾ പരിഹരിക്കാൻ സ്പെഷ്യൽ വിജിലൻസ് സ്ക്വാഡ് (എക്സാം) പ്രവർത്തനങ്ങൾ യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റ് ചെയ്ത ടീച്ചേഴ്സ് ട്രെയിനിങ് കോളേജുകളിലേക്ക് കൂടി വ്യാപിപ്പിക്കണമെന്ന് യോഗം സർവകലാശാലയോട് ആവശ്യപ്പെടുന്നു.

ശ്രീ. എബിൻ പി.ജെ പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. എസ് അനസ്**

21. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ DA നിരക്ക് അനുസരിച്ച് സംസ്ഥാന സർക്കാരിന്റെ മുൻ ഉത്തരവുകൾക്ക് വിധേയമായി അധ്യാപകരുടെ DA പുതുക്കി നിശ്ചയിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

ഡോ. ബിജു പി.ആർ പ്രമേയത്തെ പിന്താങ്ങി, ചർച്ചയ്ക്കുശേഷം താഴെപറയുന്ന രീതിയിൽ ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.

കേന്ദ്ര സർക്കാരിന്റെ പുതുക്കിയ DA നിരക്ക് അനുസരിച്ച് സംസ്ഥാന സർക്കാരിന്റെ മുൻ ഉത്തരവുകൾക്ക് വിധേയമായി അധ്യാപകരുടെ DA പുതുക്കി നിശ്ചയിച്ച് വിതരണം ചെയ്യുന്നതിന് കേരള സർക്കാരിനോട് ആവശ്യപ്പെടുന്നു.

**അവതാരക: ഡോ. സുമി ജോയ് ഓലിയപ്പുറം**

22. കോവിഡ് മൂലം 2020-21 അദ്ധ്യായന വർഷത്തിൽ കലോത്സവം നടത്താൻ സാധിച്ചിട്ടില്ല. 2021-22 അദ്ധ്യയനവർഷത്തിൽ സർവകലാശാല കലോത്സവം നടത്താനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സർവകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. അജിത് ജെയിംസ് ജോസ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. അജിത് ജെയിംസ് ജോസ്**

23. ഡിഗ്രി സർട്ടിഫിക്കറ്റിനായി ഫാസ്റ്റ് ട്രാക്ക് വഴി അപേക്ഷിക്കുന്ന വിദ്യാർഥികൾക്ക് സർട്ടിഫിക്കറ്റ് നൽകാമെന്ന് പറയപ്പെടുന്ന കാലാവധിക്കുള്ളിൽ തന്നെ നൽകാനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

ശ്രീ. ഫെബു ജോർജ്ജ് മത്തായി കുറിച്ചിയത്ത് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. അലക്സ് മാത്യു**

24. കോവിഡ്-19 മഹാമാരിയെ തുടർന്ന് ഓൺലൈൻ ആയിട്ടാണ് ക്ലാസുകൾ നടന്നുവരുന്നത്. ഇത് വിദ്യാർത്ഥികളിൽ വളരെയധികം മാനസിക ക്ലേശവും വിഷാദരോഗവും ഉണ്ടാക്കുന്നതായി റിപ്പോർട്ടുകൾ വരുന്നു. ഇതിനു സർവ്വകലാശാല കോളേജുകളെ ക്ലസ്റ്ററുകൾ ആയി തിരിച്ചു കൗൺസിലിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് ഈ യോഗം അഭ്യർത്ഥിക്കുന്നു.

ശ്രീ. എബിൻ പി.ജെ പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. ജോൺ എം. ജോർജ്**

25. സ്പോർട്സ് & ഗെയിംസ് ഒഫിഷ്യേറ്റിങ്ങ് ചാർജ്ജ് കാലാനുസൃതമായി വർദ്ധിപ്പിക്കണമെന്ന് യോഗം സർവകലാശാലയോട് ആവശ്യപ്പെടുന്നു.

ശ്രീ. ജോജി അലക്സ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. സജു മാത്യു**

26. ഭരണഭാഷ മലയാളമാക്കി മാറ്റുന്നതിൻെറ ഭാഗമായി സർവകലാശാലയുടെ ആക്റ്റും സ്റ്റാറ്റ്യൂട്ടും മലയാളത്തിൽ ആക്കുന്നതിനു വേണ്ടി ആരംഭിച്ച നടപടികൾ എത്രയും വേഗം പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ശ്രീ. സജിത്ത് ബാബു എസ്. പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. ജോജി ജോൺ പണിക്കർ**

27. സർവകലാശാലയിലെ പഠന വകുപ്പുകളിൽ ഒഴിവുള്ള അധ്യാപക തസ്തികകൾ നികത്തുവാൻ ഉള്ള നടപടികൾ പൂർത്തീകരിക്കണമെന്ന് യോഗം സർവകലാശാലയോട് ആവശ്യപ്പെടുന്നു.

ശ്രീ. ജോജി അലക്സ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകഃ ശ്രീമതി. ലേഖ ജെ.**

28. സർവകലാശാലയിൽ പുതുതായി ആരംഭിച്ചിരിക്കുന്ന പഠന വകുപ്പുകളിലെ നടത്തിപ്പിനും വികസനത്തിനും ആവശ്യമായ ഫണ്ട് ഗവൺമെന്റിൽനിന്നും ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് യോഗം സർവകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. എസ് അനസ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻഃ ശ്രീ. ജോജി അലക്സ്**

29. അഫിലിയേറ്റഡ് കോളേജുകളിലെ വകുപ്പ് മേധാവി സ്ഥാനം (HOD) റൊട്ടേഷൻ വ്യവസ്ഥയിൽ നടപ്പാക്കുവാൻ ചട്ടങ്ങൾ ഭേദഗതി ചെയ്യണമെന്ന് ഈ യോഗം സർവകലാശാലയോട് അഭ്യർത്ഥിക്കുന്നു.

ഡോ. എ.എസ്. സുമേഷ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകഃ ഡോ. സൂമി ജോയ് ഓലിയപ്പുറം**

30. സർവ്വകലാശാല ലൈബ്രറിയിൽ യുജിസി അംഗീകൃത ജേണലുകൾ (ഓഫ് ലൈൻ/ ഓൺലൈൻ) എല്ലാം ലഭ്യമാക്കുകയും, അവ സർവകലാശാലയ്ക്ക് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ വിദ്യാർഥികൾക്കും അധ്യാപകർക്കും സാധ്യമായിടത്തോളം സൗജന്യമായി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് സർവകലാശാലയോട് ആവശ്യപ്പെടുന്നു.

ശ്രീ. ജോജി അലക്സ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻഃ ഡോ. അലക്സ് മാത്യു**

31. സംസ്ഥാന സർക്കാരിന്റെ പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ നടപ്പാക്കിയ ശമ്പള പരിഷ്കരണ ഉത്തരവിൽ പറയുന്ന പ്രകാരം സർവകലാശാല സമിതികളിലും മറ്റ് യോഗങ്ങളിലും പങ്കെടുക്കുന്നവർക്ക് TA/DA പുതുക്കി നിശ്ചയിക്കണമെന്ന് ഈ യോഗം സർവകലാശാലയോട് ആവശ്യപ്പെടുന്നു.

ശ്രീ. ജോജി അലക്സ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. ജോജി അലക്സ്**

32. സംസ്ഥാന സർക്കാർ ബജറ്റിൽ പ്രഖ്യാപിച്ച 'മാർ ക്രിസോസ്റ്റം ചെയർ' ആരംഭിക്കുവാനുള്ള അടിയന്തിര നടപടികൾ തുടങ്ങണമെന്ന് ഈ യോഗം സർവകലാശാലയോടും സംസ്ഥാന സർക്കാരിനോടും അഭ്യർത്ഥിക്കുന്നു.

ഡോ. എ.എസ്. സുമേഷ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. എ. സുരേഷ്**

33. യു.ജി.സി. റെഗുലേഷൻസ് അനുസരിച്ച് സർവകലാശാല അപ്രൂവൽ കൊടുത്തിട്ടുള്ള പ്രിൻസിപ്പൽമാർക്ക് പ്രിൻസിപ്പൽ (പ്രൊഫസർ ഗ്രേഡ്) എന്ന ഡെസിഗ്നേഷൻ അനുവദിച്ചു നൽകണമെന്ന് ഈ പ്രമേയം സർവകലാശാലയോട് അഭ്യർത്ഥിക്കുന്നു.

അവതാരകൻ സഭയിൽ ഹാജരാകാത്തതിനാൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.

**അവതാരകൻ: ശ്രീ. സജിത്ത് ബാബു എസ്.**

34. മഹാത്മാഗാന്ധി സർവകലാശാലയുടെ ടീച്ചേഴ്സ് വെബ് പോർട്ടൽ, അധ്യാപകർ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ, മൂല്യനിർണയം എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിക്കണമെന്നും, ക്വസ്റ്റ്യൻ ബാങ്ക് പരിശോധിക്കുന്നതിനുള്ള സൗകര്യം ടീച്ചേഴ്സ് പോർട്ടലിലൂടെ നൽകണമെന്നും ഈ സഭ ആവശ്യപ്പെടുന്നു.

പ്രമേയത്തെ പിന്താങ്ങി, ചർച്ചയ്ക്കുശേഷം താഴെപറയുന്ന രീതിയിൽ ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.

മഹാത്മാഗാന്ധി സർവകലാശാലയുടെ ടീച്ചേഴ്സ് വെബ് പോർട്ടൽ, അധ്യാപകർ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ, മൂല്യനിർണയം എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

**അവതാരകൻ: ശ്രീ. എ.ജെ. ഇമ്മാനുവൽ**

35. യൂണിവേഴ്സിറ്റി പരീക്ഷകളുടെ മൂല്യനിർണയത്തിന് മുന്നോടിയായി ചെയർമാൻമാരുടെ യോഗം നിർബന്ധമായും വിളിക്കണമെന്നും പൊതുമാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതും പി.ജി/യു.ജി റെഗുലേഷനിൽ അപാകതകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതും, മൂല്യനിർണയത്തിന് ഒരാഴ്ച മുമ്പെങ്കിലും പൂർത്തീകരിക്കേണ്ടതുമാണെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

ശ്രീ. ജോജി അലക്സ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. ജീ ജീ.**

36. എൻ.സി.സി പ്രോഗ്രാം ഇലക്ടീവ് വിഷയമായി സിലബസിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭയോട് ആവശ്യപ്പെടുന്നു.

അവതാരകൻ സഭയിൽ ഹാജരാകാത്തതിനാൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.

**സഭ 1.00 മണിക്ക് ഉച്ച ഭക്ഷണത്തിനായി പിരിയുകയും 2.30 ന് പുനഃരാരംഭിക്കുകയും ചെയ്തു.**

**അവതാരകൻ: ശ്രീ. സജിത്ത് ബാബു എസ്.**

37. മഹാത്മാഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന കോളേജുകളിലെ അധ്യാപകരുടെ അപ്രൂവൽ, പ്രമോഷൻ എന്നിവ സംബന്ധിച്ചുള്ള അപേക്ഷകളും നടപടിക്രമങ്ങളും പൂർണ്ണമായും ഓൺലൈൻ ആക്കുവാൻ ഈ സഭ ആവശ്യപ്പെടുന്നു.

ഡോ. സിറിയക് ജോസ് പ്രമേയത്തെ പിന്താങ്ങി, ചർച്ചയ്ക്കുശേഷം താഴെപറയുന്ന രീതിയിൽ ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.

മഹാത്മാഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന കോളേജുകളിലെ അധ്യാപകരുടെ അപ്രൂവൽ, പ്രമോഷൻ എന്നിവ സംബന്ധിച്ചുള്ള അപേക്ഷകൾ ഓൺലൈൻ ആക്കുവാനും സമയബന്ധിതമായി നടപടി പൂർത്തിയാക്കുവാനും ഈ സഭ ആവശ്യപ്പെടുന്നു.

**അവതാരകൻ: ഡോ. ബിജു പി.ആർ**

38. പഠന വകുപ്പുകളിൽ വിവിധ ആവശ്യങ്ങൾക്കായി അനുവദിക്കുന്ന പ്ലാൻ ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

ഡോ. എസ് അനസ് പ്രമേയത്തെ പിന്താങ്ങി, ചർച്ചയ്ക്കുശേഷം താഴെപറയുന്ന രീതിയിൽ ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.

പഠന വകുപ്പുകളിൽ വിവിധ ആവശ്യങ്ങൾക്കായി അനുവദിക്കുന്ന പ്ലാൻ ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

**അവതാരകൻ: പ്രൊഫ. ഡോ. സിബി സക്കറിയാസ്**

39. May I request this house to take necessary steps to monitor the CSS regulations which is followed in the Departments and Schools.

അവതാരകൻ സഭയിൽ ഹാജരാകാത്തതിനാൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.

**അവതാരകൻ: ശ്രീ. ഫെബു ജോർജ്ജ് മത്തായി കുറിച്ചിയത്ത്**

40. കാലാവധി പൂർത്തിയാക്കിയ പി.ജി/യു.ജി. ബോർഡ് ഓഫ് സ്റ്റഡീസ് പുനർ രൂപീകരിച്ച് സർവകലാശാലയുടെ അക്കാദമിക് പ്രവർത്തനങ്ങൾക്ക് ശക്തി പകർന്ന സർവകലാശാല സിൻഡിക്കേറ്റിന്റെയും വൈസ് ചാൻസിലറുടെയും മറ്റ് അധികാരികളുടെയും നടപടികളെ യോഗം അഭിനന്ദിക്കുന്നു.

ശ്രീ. ജോജി അലക്സ് പ്രമേയത്തെ  പിന്താങ്ങി, ചർച്ചയ്ക്കുശേഷം താഴെപറയുന്ന രീതിയിൽ ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.

കാലാവധി പൂർത്തിയാക്കിയ പി.ജി/യു.ജി. ബോർഡ് ഓഫ് സ്റ്റഡീസ്, അക്കാദമിക് കൗൺസിൽ എന്നിവ പുനർ രൂപീകരിച്ച് സർവകലാശാലയുടെ അക്കാദമിക് പ്രവർത്തനങ്ങൾക്ക് ശക്തി പകർന്ന സർവകലാശാല സിൻഡിക്കേറ്റിൻെറയും വൈസ് ചാൻസിലറുടെയും മറ്റ് അധികാരികളുടെയും നടപടികളെ യോഗം അഭിനന്ദിക്കുന്നു.

**<u>അവതാരകൻ: ഡോ. സിറിയക് ജോസ്</u>**

41. ബിരുദ-ബിരുദാനന്തര തലത്തിൽ പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിക്കുമ്പോൾ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കുവാൻ പര്യാപ്തമായ കാലാവധി നൽകണമെന്നും, ഈ കാലാവധി ഏറ്റവും ചുരുങ്ങിയത് 15 ദിവസമാക്കണമെന്നും സർവകലാശാലയോട് ഈ സഭ ആവശ്യപ്പെടുന്നു.

ശ്രീ. സജിത്ത് ബാബു എസ്. പ്രമേയത്തെ  പിന്താങ്ങി, ചർച്ചയ്ക്കുശേഷം താഴെപറയുന്ന രീതിയിൽ ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.

ബിരുദ-ബിരുദാനന്തര തരത്തിൽ പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിക്കുമ്പോൾ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കുവാൻ പര്യാപ്തമായ പരമാവധി കാലാവധി നൽകണമെന്നു സർവകലാശാലയോട് ഈ സഭ ആവശ്യപ്പെടുന്നു.

**<u>അവതാരകൻ: ഡോ. സിറിയക് ജോസ്</u>**

42. 2020-21 അധ്യായന വർഷത്തിൽ ആരംഭിച്ച വിവിധ ന്യൂജനറേഷൻ, ഇന്റർ ഡിസിപ്ലിനറി പ്രോഗ്രാമുകളുടെ, പ്രത്യേകിച്ച് മാസ്റ്റർ ഓഫ് കൊമേഴ്സ് & മാനേജ്മെന്റ് (MCM)-ൻെറ അപ്രൂവ്ഡ് സിലബസ് അധ്യാപകർക്കോ വിദ്യാർഥികൾക്കോ ലഭ്യമല്ല, നാളിതുവരെയും യൂണിവേഴ്സിറ്റിയുടെ വെബ്സൈറ്റിൽ ഈ പ്രോഗ്രാമുകളുടെ അപ്രൂവ്ഡ് സിലബസ് പ്രസിദ്ധീകരിച്ചിട്ടുമില്ല. ആയതിനാൽ ഈ പ്രോഗ്രാമുകളുടെ അപ്രൂവ്ഡ് സിലബസ് ഉടനടി പ്രസിദ്ധീകരിച്ച് അധ്യാപകർക്കും വിദ്യാർഥികൾക്കും ലഭ്യമാക്കണമെന്ന് സർവ്വകലാശാലയോട് ഈ സഭ ആവശ്യപ്പെടുന്നു.

ശ്രീ. സജിത്ത് ബാബു എസ്. പ്രമേയത്തെ  പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**<u>അവതാരകൻ: ഡോ. സജു മാത്യു</u>**

43. സൈക്കോളജി യു.ജി/പി.ജി കോഴ്സുകൾക്ക് വേണ്ടി ഒരുമിച്ച് രൂപീകരിച്ചിട്ടുള്ള ബോർഡ് ഓഫ് സ്റ്റഡീസ് പട്ടികയിലെ അപാകതകൾ പരിഹരിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

മതിയായ പിന്തുണ ലഭിക്കാത്തതിനാൽ പ്രമേയം നിരസിച്ചു.

**<u>അവതാരകൻ: ഡോ. ജീ ജീ.</u>**

44. മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള വിവിധ കോളേജുകളിൽ സേവനമനുഷ്ഠിക്കുന്ന അധ്യാപകർക്ക് ലഭിക്കേണ്ട ഒന്നിലധികം സ്ഥാനക്കയറ്റങ്ങൾ ഒരു അദാലത്തിലൂടെ എത്രയും വേഗം തീർപ്പാക്കണമെന്ന് ഈ സഭയോട് ആവശ്യപ്പെടുന്നു.

ഡോ. ജീ ജീ. -യുടെ അസാന്നിദ്ധ്യത്തിൽ ഡോ. സജു മാത്യു അദ്ധ്യക്ഷന്റെ അനുമതിയോടെ പ്രമേയം അവതരിപ്പിക്കുകയും മതിയായ പിന്തുണ ലഭിക്കാത്തതിനാൽ പ്രമേയം നിരസിക്കുകയും ചെയ്തു.

**<u>അവതാരകൻ: ഡോ. എ. എസ് സുമേഷ്</u>**

45. കോവിഡ് കാലത്ത് വിദ്യാർത്ഥികളിൽ നിന്ന് പരീക്ഷാ ഫീസ് ഇനത്തിൽ വലിയ തുക ഫൈൻ ആയി വാങ്ങുന്ന സർവ്വകലാശാല തീരുമാനം പുനഃപരിശോധിക്കണമെന്ന് ഈ പ്രമേയം സർവകലാശാലയോട് ആവശ്യപ്പെടുന്നു.

ശ്രീ. ജോജി അലക്സ് പ്രമേയത്തെ  പിന്താങ്ങി, ചർച്ചയ്ക്കുശേഷം താഴെപറയുന്ന രീതിയിൽ ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.

കോവിഡ് കാലത്ത് വിദ്യാർത്ഥികളിൽ നിന്ന് പരീക്ഷാ ഫീസ് ഇനത്തിൽ ഈടാക്കുന്ന ഫൈനിൽ പരമാവധി ഇളവുകൾ നൽകണമെന്ന് ഈ പ്രമേയം സർവകലാശാലയോട് ആവശ്യപ്പെടുന്നു.

**<u>അവതാരകൻ: ശ്രീ. ജോജി അലക്സ്</u>**

46. കോവിഡ്-19 മഹാമാരിമൂലം മാറ്റിവെക്കപ്പെട്ട സർവകലാശാല പരീക്ഷകൾ സമയബന്ധിതമായി പൂർത്തിയാക്കി ഫലപ്രഖ്യാപനം നടത്തുവാൻ പരിശ്രമം നടത്തുന്ന സർവകലാശാല അധികാരികളെയും പരീക്ഷാ വിഭാഗം ജീവനക്കാരെയും ഈ യോഗം അഭിനന്ദിക്കുന്നു.

ശ്രീമതി. ലേഖ ജെ. പ്രമേയത്തെ  പിന്താങ്ങി, ചർച്ചയ്ക്കുശേഷം താഴെപറയുന്ന രീതിയിൽ ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.

കോവിഡ്-19 മഹാമാരിമൂലം മാറ്റിവെക്കപ്പെട്ട സർവകലാശാല പരീക്ഷകൾ സമയബന്ധിതമായി പൂർത്തിയാക്കി ഫലപ്രഖ്യാപനം നടത്തുവാൻ പരിശ്രമം നടത്തുന്ന സർവകലാശാല അധികാരികൾ, പരീക്ഷാ വിഭാഗം ജീവനക്കാർ, അധ്യാപകർ എന്നിവരെ ഈ യോഗം അഭിനന്ദിക്കുന്നു.

**അവതാരകൻ: ശ്രീ. ജോജി ജോൺ പണിക്കർ**

47. സർവകലാശാലയിൽ ലഭ്യമായിട്ടുള്ള ലോകോത്തര നിലവാരമുള്ള ഇ-ജേണലുകൾ അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിൽ ഗവേഷണം നടത്തുന്നവർക്ക് കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്ന് ഈ യോഗം സർവകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. എ.എസ്. സുമേഷ് പ്രമേയത്തെ പിന്താങ്ങി, ചർച്ചയ്ക്കുശേഷം താഴെപറയുന്ന രീതിയിൽ ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.

സർവകലാശാലയിൽ ലഭ്യമായിട്ടുള്ള ലോകോത്തര നിലവാരമുള്ള ഇ-ജേണലുകൾ അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിൽ ഗവേഷണം നടത്തുന്നവർക്കും സർവ്വകലാശാല സ്റ്റഡി സെൻേറ്റ്സിൽ കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്ന് ഈ യോഗം സർവകലാശാലയോട് ആവശ്യപ്പെടുന്നു.

**അവതാരകൻ: ശ്രീ. വിനീഷ് കെ.എ.**

48. 2020-21 അധ്യായന വർഷം ആരംഭിച്ച ന്യൂ ജനറേഷൻ കോഴ്സുകൾ/ബി.വോക് കോഴ്സുകൾ മതിയായ അധ്യയന ദിനങ്ങൾ വിദ്യാർഥികൾക്കു ലഭിച്ചു എന്ന് ഉറപ്പുവരുത്തിയശേഷം മാത്രമേ പരീക്ഷകൾ നടത്താവൂ എന്ന് ഈ പ്രമേയം സർവകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. സുമി ജോയ് ഓലിയപ്പുറം, പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. എ. എസ് സുമേഷ്**

49. അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും സർവകലാശാല പഠന വകുപ്പുകളിൽ നിന്നും പ്രസിദ്ധീകരിക്കുന്ന റിസർച്ച് ജേണലുകൾ പരിശോധിച്ച് അവയെ യു.ജി.സി. കെയർ ലിസ്റ്റിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ഈ പ്രമേയം സർവകലാശാലയോട് ആവശ്യപ്പെടുന്നു.

ശ്രീ. ജോജി അലക്സ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. ജോജി ജോൺ പണിക്കർ**

50. കോളേജുകളിലെ മുഴുവൻ വിദ്യാർഥികൾക്കും മുൻഗണന നൽകി സൗജന്യമായി വാക്സിൻ ലഭ്യമാക്കിക്കൊണ്ട് കോളേജുകൾ തുറക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് യോഗം കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുന്നു.

ഡോ. എ.എസ്. സുമേഷ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ഡോ. അലക്സ് മാത്യു**

51. പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികളുടെ യോഗ്യത സർട്ടിഫിക്കറ്റുകളുടെ പരിശോധന നടപടി ഉടനടി പൂർത്തിയാക്കി 2019-20 അദ്ധ്യയനവർഷം പൂർത്തിയാക്കേണ്ട ഒന്നും രണ്ടും സെമസ്റ്റർ യു.ജി,പി.ജി പരീക്ഷകൾ ഉടനടി നടത്തുവാൻ വേണ്ട ക്രമീകരണം ഉണ്ടാകണമെന്ന് ഈ യോഗം അഭ്യർത്ഥിക്കുന്നു.

ഡോ. എ.എസ്. സുമേഷ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. ജോൺ എം. ജോർജ്**

52. സർവകലാശാല കായിക വിദ്യാഭ്യാസ വകുപ്പിൽ സ്പോർട്സ് ഇൻഫ്രാസ്ട്രക്ച്ചർ ഹബ് നിർമ്മിക്കണമെന്ന് ഈ യോഗം സർവകലാശാലയോട് ആവശ്യപ്പെടുന്നു.

ശ്രീ. ജോജി ജോൺ പണിക്കർ പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: പ്രൊഫ. ഡോ. സിബി സക്കറിയാസ്**

53. May I request this house to take the necessary steps to vacate the students from the hostels after completing the course.

അവതാരകൻ സഭയിൽ ഹാജരാകാത്തതിനാൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.

**അവതാരകൻ: ശ്രീ. ജേക്കബ് സി. നൈനാൻ**

54. യൂണിവേഴ്സിറ്റി നിയമത്തിൽ എൽ.ഡി. ക്ലാർക്ക് നിയമനത്തിന് പരിഗണിക്കുന്ന തസ്തികകളിൽ മെക്കാനിക്ക് കൂടി ഉൾപ്പെടുന്നതിനുള്ള യൂണിവേഴ്സിറ്റി നിയമം ഭേദഗതി ചെയ്യണമെന്ന് അധികാരികളോട് ഈ യോഗം ആവശ്യപ്പെടുന്നു.

ഡോ. വിനു. റ്റി.പി. പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു

**അവതാരക: ശ്രീമതി. ലേഖ ജെ.**

55. ഓരോ വർഷത്തെയും റിട്ടയർമെന്റ് ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ ആവശ്യമായിവരുന്ന ചെലവ് കണക്കാക്കി അതിന് ആനുപാതികമായ തുക ബജറ്റിൽ വകയിരുത്തുകയും അത്രയും തുക പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുക.

ഡോ. പി. ആർ. ബിജു പ്രമേയത്തെ പിന്താങ്ങി, ചർച്ചയ്ക്കുശേഷം താഴെപറയുന്ന രീതിയിൽ ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.

ഓരോ വർഷത്തെയും റിട്ടയർമെന്റ് ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ ആവശ്യമായിവരുന്ന ചെലവ് കണക്കാക്കി അതിന് ആനുപാതികമായ തുക ബജറ്റിൽ വകയിരുത്തുകയും അത്രയും തുക പെൻഷൻ റിസർവ് ഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുക.

**അവതാരക: ഡോ. സുമി ജോയ് ഓലിയപ്പുറം**

56. സർവകലാശാലയുടെ ആഭിമുഖ്യത്തിൽ അധ്യാപകരുടെ കരിയർ അഡ്വാൻസ്മെൻ്റിനായുള്ള കോഴ്സുകൾ (ഓറിയൻ്റേഷൻ/ ഷോർട് ടൈം/ റിഫ്രഷർ കോഴ്സുകൾ) നടത്താനുള്ള ക്രമീകരണം ഏർപ്പെടുത്തണമെന്ന് സർവകലാശാലയോട് ആവശ്യപ്പെടുന്നു.

ശ്രീ. ജോജി അലക്സ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**അവതാരകൻ: ശ്രീ. എ.എം. റഷീദ്**

57. സർവകലാശാല പരീക്ഷാഫലം അതത് കോളേജുകൾക്ക് ഡൗൺലോഡ് ചെയ്യാൻ കഴിയും വിധമുള്ള സംവിധാനങ്ങൾ പരീക്ഷാ സോഫ്റ്റ്‌വെയറിൽ തയ്യാർ ചെയ്യണം എന്ന് ഈ പ്രമേയം സർവകലാശാലയോട് അഭ്യർത്ഥിക്കുന്നു.

ഡോ. എ.എസ്. സുമേഷ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

## സമർപ്പണം

**1. ഡോ. എ. എസ്. സുമേഷ്**

സർവ്വകലാശാല ഗവേഷക വിദ്യാർത്ഥികൾക്ക് ഗവേഷണവുമായി ബന്ധപ്പെട്ട് നടത്തിയ പരീക്ഷകളുടെ മൂല്യനിർണ്ണയത്തിനായി സിവി ക്യാമ്പുകൾ നടത്തുക.

**2. ജോജി അലക്സ്**

സംസ്ഥാനസർക്കാർ കോളേജികളിൽ പി.റ്റി.എ. നടത്തിപ്പുമായി ബന്ധപ്പെടുത്തി ഇറക്കിയ ഉത്തരവ് അഫിലിയേറ്റഡ് കോളേജുകൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക.

**3. ജോൺ എം. ജോർജ്ജ്**

ഒക്ടോബർ നാലിന് കോളേജുകളിൽ ക്ലാസ്സുകൾ തുടങ്ങുന്ന സാഹചര്യത്തിൽ എത്രയും പെട്ടെന്ന് സ്പോർട്ട്സ് കലണ്ടർ പ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

**4. എബിൻ പി.ജെ.**

അഫിലിയേറ്റഡ് കോളേജികളിലും ഓട്ടോണമസ് കോളേജുകളിലും അഡ്മിഷൻ സമയത്ത് SC/ST വിദ്യാർത്ഥികളിൽ നിന്നും PTA ഫണ്ട് ഇനത്തിൽ മെംബർഷിപ്പ് ഫീ കൂടാതെ അധിക തുക ഈടാക്കുന്നുണ്ട്. ഈ വിഷയം സഭയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടു വരുന്നു.

**5. ഡോ.വിനു റ്റി. പി.**

വാല്യുവേഷൻ ക്യാമ്പുകളിൽ ഹാജരാകാത്ത അദ്ധ്യാപകരുടെ കണക്കെടുത്ത് അവരിൽ നിന്നും വിശദീകരണം ആവശ്യപ്പെടുക.

## 6. ഡോ. പി. ആർ. ബിജു.

ദീർഘകാലമായി കോളേജികളിൽ നിന്നും സർവ്വകലാശാലകളിൽ നിന്നും കോവിഡിൻെറ സാഹചര്യത്തിൽ മാറ്റി നിർത്തപ്പെട്ട് പഠന പ്രക്രിയ പൂർത്തിയാക്കി വീണ്ടും ഒക്ടോബർ 4 ന് കുട്ടികൾ ക്യാമ്പസിൽ തിരിച്ചെത്തുകയാണ്. സ്വാഭാവിക നീതിക്കനുസരിച്ച് ഇനി ബാക്കിയുള്ള അവരുടെ 5 സെമസ്റ്ററുകൾ ധൃതിപിടിച്ച് മാർച്ചിൽ തീർക്കാതെ പഠന പ്രക്രിയ പൂർത്തീകരിക്കുന്നതിന് ആവശ്യമായ സമയം നീട്ടുക്കൊടുക്കാൻ സർവ്വകലാശാല നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## 7. സജിത്ത് ബാബു എസ്.

സംസ്ഥാനത്തെ കോളേജുകളിൽ പ്രൊഫസർ തസ്തിക അനുസരിച്ച് സർക്കാർ ഉത്തരവിന് അനുബന്ധമായി സർവ്വകലാശാല പുറത്തിറക്കയ അപേക്ഷാ ഫോമിനോട് ചേർന്ന് നൽകിയിരിക്കുന്ന പൊതു നിർദ്ദേശങ്ങളിൽ ഇനംനമ്പർ: 11 അദ്ധ്യാപകരുടെ പബ്ലിക്കേഷനുമായി ബന്ധപ്പെട്ടാനാണുള്ളത്. പ്രസ്തുത വിഷയത്തിൽ ഗവൺമെൻറ് നിർദേശം വന്നതിനാൽ പ്രസ്തുത വിഷയത്തിൽ വ്യക്തത വരുത്തി ഉത്തരവിറക്കണമെന്ന് ആവശ്യപ്പെടുന്നു.

## 8. സജിത്ത് ബാബു എസ്.

2020 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ PG CSM, M.Sc ഫിസിക്സ് പരീക്ഷയിൽ ഹാജരായ വിദ്യാർത്ഥികളുടെ എണ്ണം 454 ആണ്. അതിൽ 166 കുട്ടികൾ വിജയിക്കുകയും 284 വിദ്യാർത്ഥികൾ പരാജയപ്പെടുകയും ചെയ്തു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും അപേക്ഷിക്കുവാനുള്ള അവസാന തീയതി 30.09.2021 ആണ്. ആയതിൽ പ്രസ്തുത വിൽയത്തിൽ സർവ്വകലാശാലയുടെ സത്വര ശ്രദ്ധ വിദ്യാർത്ഥികളുടെ ഭാവിയെക്കരുതി ഉണ്ടാവണമെന്ന് ആവശ്യപ്പെടുന്നു.

അജൻഡ പ്രകാരമുള്ള ഇനങ്ങൾ എല്ലാം പൂർത്തീകരിച്ചതിനാൽ യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾക്ക് നന്ദി രേഖപ്പെടുത്തി 03.25–ന് സെനറ്റ് യോഗം പിരിയുന്നതായി അദ്ധ്യക്ഷൻ അറിയിച്ചു.

(ഒപ്പ്) (ഒപ്പ്)

**പ്രോ-വൈസ് ചാൻസലർ**

**രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന ജോയിൻറ് രജിസ്ട്രാർ**